മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*1 )

**വയനാട് പാക്കേജിന് ലഭിച്ച തുക**

(*1) ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം

(ശ്രീ. കെ. പി. എ. മജീദ്): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ജൂലൈ 30-നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിക്കുന്ന തുക വയനാട്ടിലെ ഉരുൾപൊട്ടൽ ദുരിതബാധിതർക്കായി വിനിയോഗിക്കാൻ തീരുമാനിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) വയനാട് പാക്കേജിനായി ഇതുവരെ ലഭിച്ച തുകയുടെ വിശദാംശം നൽകുമോ;

(സി) ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തത്തിനിരയായവരുടെ പുനരധിവാസത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വയനാട് പാക്കേജിനായി സന്നദ്ധസംഘടനകളിൽനിന്നും വ്യക്തികളിൽനിന്നും കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ&ബി) മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് അഭ്യർത്ഥിച്ചിരുന്നു. ഇപ്രകാരം 17-01-2025 വരെ 712.98 കോടി രൂപ ലഭിച്ചിട്ടുണ്ട്. ലഭ്യമായ തുക ദുരിതബാധിതർക്കായി വിനിയോഗിച്ചുവരുന്നു. രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസവും സമയബന്ധിതമായി പൂർത്തിയാക്കിയശേഷം ഏറ്റവും വേഗത്തിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സഹായഹസ്തവുമായി അനേകംപേർ എത്തി. ലഭിക്കുന്ന എല്ലാ സഹായങ്ങളും ഏകോപിപ്പിച്ച് സമയബന്ധിതമായി പുനരധിവാസം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

പുനരധിവാസ പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, എസ്.ഡി.ആർ.എഫ്, സ്പോൺസർഷിപ്പ്, സി.എസ്.ആർ. ഫണ്ട്, പി.ഡി.എൻ.എ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന കേന്ദ്ര സഹായം എന്നിവ വിനിയോഗിക്കും. പുനരധിവാസവുമായി ബന്ധപ്പെട്ട് വീടുകൾ വാഗ്ദാനം ചെയ്ത സ്പോൺസർമാരുടെ യോഗം ഇതിനകം വിളിച്ചുചേർത്തിട്ടുണ്ട്. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ടൗൺഷിപ്പിന്റെ മാതൃക യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. പുനരധിവാസ പദ്ധതികൾക്ക് എല്ലാ പിന്തുണയും സ്പോൺസർമാർ വാഗ്ദാനം ചെയ്തിട്ടുണ്ട്.

പുനരധിവാസത്തിനായി വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും സ്പോൺസർഷിപ്പ് സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു സ്പോൺസർഷിപ്പ് ഫ്രെയിം വർക്കിന് അംഗീകാരം നൽകിയിട്ടുണ്ട്. സ്പോൺസർഷിപ്പ് പ്രകാരം ലഭിക്കുന്ന തുകയ്ക്കായി ഒരു dedicated ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

ദുരന്തത്തെ അതിതീവ്ര ദുരന്തമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം എം.പി.-മാരുടെ വികസന ഫണ്ടിൽ നിന്നുൾപ്പെടെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും കൽപ്പറ്റ മുൻസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. KIIFCON-നെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ്/ എംപ്ലോയർ പ്രതിനിധിയായി നിയമിച്ചിട്ടുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെ എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ കരാറുകാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. 1000 ചതുരശ്രയടി വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഭാവിയിൽ ഒരുനിലകൂടി നിർമ്മിക്കാൻ കഴിയുന്നതരത്തിലായിരിക്കും കെട്ടിടത്തിന്റെ അടിസ്ഥാനം നിർമ്മിക്കുക.

ടൗൺഷിപ്പിൽ അംഗൻവാടി, പോസ്റ്റ് ഓഫീസ്, ആശുപത്രി, മാലിന്യസംസ്കരണ സംവിധാനം, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക

പശ്ചാത്തലങ്ങൾ എന്നിവയടങ്ങുന്ന സമഗ്ര പുനരധിവാസ പദ്ധതിയാണ് നടപ്പാക്കുക. നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാംഘട്ട ലിസ്റ്റിലും വാസയോഗ്യമല്ലാതായിത്തീർന്ന സ്ഥലങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ രണ്ടാംഘട്ട ലിസ്റ്റിലും ഉൾപ്പെടുത്തി ഒരുമിച്ച് പുനരധിവാസം നടപ്പാക്കും. നിർദ്ദിഷ്ട ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

ടൗൺഷിപ്പ് പദ്ധതി നടത്തിപ്പിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വയനാട് പുനർനിർമ്മാണ സമിതി, മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രമുഖ സ്പോൺസർമാരുമടങ്ങുന്ന ഉപദേശക സമിതി, ചീഫ് സെക്രട്ടറി ചെയർപേഴ്സണായ ഏകോപന സമിതി തുടങ്ങിയവ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രസർക്കാരിൽനിന്ന് ഇതുവരെ ധനസഹായം ലഭിച്ചിട്ടില്ല. പി.ഡി.എൻ.എ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സഹായം

ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനയെത്തുടർന്ന് ദുരന്തത്തെ കേന്ദ്രസർക്കാർ അതിതീവ്രദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ കൂടുതൽ ധനസഹായവും പ്രതീക്ഷിക്കുന്നു.

മുണ്ടക്കൈ-ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 17-01-2025 വരെ 712.98 കോടി രൂപ ലഭിച്ചിട്ടുണ്ട്. ടൗൺഷിപ്പിൽ വീട് നിർമ്മിച്ച് നൽകാമെന്ന് നിരവധി സ്പോൺസർമാർ അറിയിച്ചിട്ടുണ്ട്. ചില രംഗങ്ങളിൽ സി.എസ്.ആർ. ഫണ്ടുൾപ്പെടെയുള്ള ധനസഹായവും പ്രതീക്ഷിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വയനാട് ദുരന്തം നടന്നതിനെത്തുടർന്ന് ആയിരത്തിലധികം ഏക്കർ സ്ഥലത്തെ കൃഷിയാണ് നശിച്ചുപോയത്. അതിൽത്തന്നെ നൂറിലധികം ഏക്കർ സ്ഥലത്തെ കൃഷിഭൂമിതന്നെ ഇല്ലാതായി. അവശേഷിക്കുന്ന കൃഷിയിടങ്ങൾ ജനവാസമില്ലാത്തതുകൊണ്ട് വന്യമൃഗങ്ങൾ നശിപ്പിച്ചുകഴിഞ്ഞു. ഈ ദുരന്തത്തിൽ വൈദ്യുതിബന്ധംതന്നെ വിച്ഛേദിക്കപ്പെട്ടിട്ടുണ്ട്. കൃഷിക്ക് ജലസേചനം നൽകാൻ സാധിക്കുന്നതുമില്ല.

ഇങ്ങനെത്തെ അവസ്ഥയിലാണ് ഇപ്പോൾ ആ പ്രദേശമുള്ളത്. കൃഷിഭൂമിതന്നെ നഷ്ടപ്പെട്ട ആളുകൾക്ക് മറ്റ് നഷ്ടപരിഹാരങ്ങളൊക്കെ കൊടുക്കുന്ന കൂട്ടത്തിൽ കൃഷിഭൂമികൂടി ലഭ്യമാക്കാൻ സംവിധാനമുണ്ടാക്കുമോയെന്നാണ് അറിയേണ്ടത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അത്തരമൊരു സഹായം ചെയ്യാൻ സാധിക്കുന്നതല്ല.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, പതിനായിരം രൂപാവീതം ദുരിതാശ്വാസനിധിയിൽനിന്ന് ആദ്യഘട്ടമായി സർക്കാർ നൽകുകയുണ്ടായി. കുറച്ചുകൂടി ആളുകൾക്ക് അത് കിട്ടാനുണ്ട്. ആറായിരം രൂപയാണ് വാടകയ്ക്കുവേണ്ടി അനുവദിച്ചുനൽകിയിട്ടുള്ളത്. ഇത് മൂന്ന് മാസത്തേയ്ക്ക് കൊടുത്തത് പിന്നെ മൂന്നുമാസത്തേയ്ക്കുകൂടി നീട്ടി. എന്നാൽ ഇപ്പോഴും പുനരധിവാസം സാധ്യമായിട്ടില്ല. അത് നീണ്ടുപോകുന്നൊരു സാഹചര്യമുണ്ട്. അത് നീട്ടിക്കൊടുക്കേണ്ടതുണ്ട്. മാത്രമല്ല, പതിനയ്യായിരം രൂപവരെ വാടക നൽകിയാണ് ആളുകൾ പുറത്ത് താമസിക്കുന്നത്. അവർക്ക് ശരിയായ വാടകയുടെ നിരക്കനുസരിച്ച് പണം നൽകി സഹായിക്കാൻ തയ്യാറാകണമെന്നുകൂടി ആവശ്യപ്പെടുന്നു.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പുനരധിവാസത്തിന്റെ ഭാഗമായി, പുനരധിവസിപ്പിക്കേണ്ട ആളുകളെയാണ് വാടകവീടുകളിൽ താമസിപ്പിക്കുന്ന സ്ഥിതിയുണ്ടായിട്ടുള്ളത്. അവരെ പുനരധിവസിപ്പിക്കുന്നതുവരെ ആ വാടക വീടക വീടുകളിൽ താമസിക്കുന്നത് തുടരുന്ന സ്ഥിതിതന്നെയുണ്ടാകും. അതിന് നിശ്ചിത തുക അവിടെ അനുവദിച്ചിട്ടുണ്ട്. അത് തുടരുകതന്നെ ചെയ്യും.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, കേരളത്തോട് കേന്ദ്രസർക്കാർ കാണിക്കുന്ന നിരന്തരമായ അവഗണനയിൽ ഏറ്റവും ഭീകരമായ ഉദാഹരണമാണ് വയനാട് ദുരന്തം. ഇന്ത്യയുടെ പ്രധാനമന്ത്രി നേരിട്ട് അവിടെ വിസിറ്റ് ചെയ്തിരുന്നു. അതിനെ അതിതീവ്രദുരന്തമായി പ്രഖ്യാപിക്കാൻ എത്ര സമയമെടുത്തു; അതോടൊപ്പം ഈ വിഷയത്തിൽ കേരളത്തിന്റെ എം.പി. പ്രിയപ്പെട്ട പ്രിയങ്ക ഗാന്ധിയടക്കമുള്ളവർ അതിശക്തമായി വയനാട് പാക്കേജിനുവേണ്ടി ഇന്ത്യൻ പാർലമെന്റിൽ ശബ്ദിച്ചതാണ്. അവരെയൊക്കെ കോ-ഓർഡിനേറ്റുചെയ്തുകൊണ്ട് അത് നേടിയെടുക്കാനുള്ള ശ്രമമുണ്ടോ? അത് ലഭിക്കാൻ സാധ്യതയുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സാധാരണനിലയ്ക്ക് സംസ്ഥാനത്തിനകത്ത് ഇതുപോലുള്ള ദുരന്തമുണ്ടായാൽ അതിനുള്ള സഹായം ലഭ്യമാകേണ്ടതാണ്. അതിന് കാലതാമസം വന്നപ്പോൾ കേരളത്തിൽനിന്നുള്ള എം.പി.-മാരെല്ലാവരുംകൂടി കൂട്ടായി കേന്ദ്ര ആഭ്യന്തരമന്ത്രിയെ കണ്ട് നിവേദനം കൊടുത്തുവെന്നത് നല്ലകാര്യമാണ്. പക്ഷേ വൈകിയെന്നത് വസ്തുതയാണ്. ഇപ്പോഴും നമുക്ക് സഹായം പൂർണ്ണമായും ലഭിച്ചുകഴിഞ്ഞിട്ടില്ല. കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് 2024 ഡിസംബർ 6-ന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിലുള്ള തുകയെക്കുറിച്ചും വിനിയോഗത്തെക്കുറിച്ചും വിശദാംശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കോടതിയുടെ ഒബ്സർവേഷൻ ഇതായിരുന്നു. “ Nobody knows what is to be given and howmuch. വയനാട് ഉരുൾപൊട്ടലിനുമുമ്പ് ജൂലൈ 29-ന് എസ്.ഡി.ആർ.എഫ്.-ൽ അവയലബിളായിട്ടുള്ള ഫണ്ട് എത്രയാണെന്നും ചെലവഴിച്ചതെത്രയാണെന്നും അറിയണമെന്നും സംസ്ഥാന സർക്കാർ എത്രതുക

ചെലവഴിച്ചുവെന്നതിനെക്കുറിച്ചും എത്ര തുക ഇനി വേണമെന്നതിനെക്കുറിച്ചും വ്യക്തത വേണമെന്നും കോടതി സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സർക്കാരിനും ഇക്കാര്യത്തിൽ എന്താണ് പറയാനുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പഴയകാര്യത്തിൽ നിൽക്കുകയാണ്. കുറച്ച് പുതിയകാര്യത്തിലേയ്ക്കുകൂടി വരണം. ഇത് മനസ്സിലാക്കിയ അംഗത്തിന് അക്കാര്യംകൂടി മനസ്സിലാക്കാമായിരുന്നല്ലോ; ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത കേസെടുത്തപ്പോൾ ചില കാര്യങ്ങൾ ചോദിച്ചുവെന്നുള്ളത് ശരിയാണ്. എല്ലാ വസ്തുതകളും ഹൈക്കോടതിയുടെ മുമ്പാകെ സമർപ്പിച്ചു. പൂർണ്ണതൃപ്തിയാണ് ഹൈക്കോടതി രേഖപ്പെടുത്തിയത്. മാത്രമല്ല, ഹൈക്കോടതി സൂചിപ്പിച്ചത്, സംസ്ഥാന ദുരന്തപ്രതികരണനിധിയുടെ മാനദണ്ഡങ്ങളിൽ ഇളവുവരുത്തി അതിൽനിന്ന് തുക വിനിയോഗിക്കാവുന്നതാണെന്നാണ്. 120 കോടി രൂപ വരെ വിനിയോഗിക്കാമെന്ന് പറയുകയും ചെയ്തു. അപ്പോൾ ഹൈക്കോടതി പൂർണ്ണമായ അംഗീകാരം നൽകിയിരിക്കുകയാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, സംസ്ഥാനത്ത് ഇതുപോലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഉരുൾപൊട്ടലും പ്രശ്നങ്ങളും വന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ വരാവുന്ന സ്ഥലങ്ങളിൽ ആവാസയോഗ്യമല്ലാത്ത, താമസിക്കാൻ സാധിക്കാത്ത പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവിടെ ഇതുപോലെയുള്ള പ്രശ്നങ്ങൾ വരാതിരിക്കാൻവേണ്ടി എന്ത് മുൻകരുതലാണ് സർക്കാർ എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ ശാസ്ത്രീയ പഠനങ്ങൾ നടക്കുന്നുണ്ട്. ദുരന്തം വരാൻ സാധ്യതയുണ്ടെന്ന് കാണുന്ന സ്ഥലങ്ങളിൽ തൽക്കാലം നാം ചെയ്യുന്നത് അവിടെ നിന്നും മാറ്റിപ്പാർപ്പിക്കലാണ്. ഇനി അതിന്റെ ഭാഗമായി മറ്റുതരത്തിൽ അവിടെ സ്ഥിരമായി താമസിക്കാൻ കഴിയില്ലായെന്ന ഉപദേശം ലഭ്യമാകുകയാണെങ്കിൽ ഇതുപോലെതന്നെ പുനരധിവാസ നടപടികൾ സ്വീകരിക്കേണ്ടതായിവരും.

ശ്രീ. ടി. പി. രാമകൃഷ്ണൻ: PDNA റിപ്പോർട്ടുപ്രകാരമുള്ള കേന്ദ്രസഹായത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധമായി വരുന്ന വാർത്തകളും പ്രചരണങ്ങളും സമൂഹത്തിന്റെ മുമ്പിൽ നിൽക്കുകയാണ്. ഈ കാര്യത്തിൽ കുറച്ചുകൂടി വ്യക്തത വരുത്തേണ്ടതുണ്ട്. അതിന്റെയടിസ്ഥാനത്തിൽ PDNA റിപ്പോർട്ട് പ്രകാരമുള്ള കേന്ദ്രസഹായം ഇതിനകം ഏതെങ്കിലും തരത്തിൽ ലഭ്യമായിട്ടുണ്ടോയെന്നുള്ളത് വ്യക്തതവരുത്തി പോകേണ്ടതുണ്ട്. ഇതിന്റെയൊരു വിശദീകരണം വേണമെന്ന് തോന്നുന്നു.

ശ്രീ. പിണറായി വിജയൻ: സർ, അതു ഞാൻ നേരത്തേ പറഞ്ഞു. PDNA റിപ്പോർട്ട് അനുസരിച്ചുള്ള സഹായമൊന്നും നമുക്ക് ലഭ്യമായിട്ടില്ല. നമ്മൾ ആവശ്യപ്പെട്ടിട്ടുള്ളത് 2221 കോടി രൂപയാണ്. സഹായം നമുക്ക് ലഭ്യമാകാൻ അർഹതയുള്ളതാണ്. ആ സഹായം ലഭ്യമാകുമെന്നുതന്നെയാണ് ഇപ്പോഴും നമ്മൾ പ്രതീക്ഷിക്കുന്നത്. പക്ഷേ ഇതേവരെ സഹായം ലഭ്യമായിട്ടില്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, വയനാട് ദുരന്തത്തിലെ വാടകവീടുകളിൽ താമസിക്കുന്ന ദുരന്തബാധിതരായ ആളുകൾക്ക് ഒരു കുടുംബത്തിലെ രണ്ട്

ആളുകൾക്ക് 300 രൂപ വച്ച് ദിനബത്ത കൊടുത്തതായ പ്രവർത്തനം ഏറെ ആശ്വാസകരമായിരുന്നു. മൂന്ന് മാസത്തിനുശേഷം ഓർഡറനുസരിച്ചാണ് അത് നിലച്ചുപോയത്. അത് പുനരാരംഭിച്ച് പുനരധിവാസം പൂർത്തീകരിച്ച് ജീവനോപാധി പൂർത്തിയാകുന്നതുവരെ അതുകൊടുക്കാനുള്ള നടപടിയാകുന്നതോടൊപ്പം നിലവിൽ വീണ്ടും ഈ ഭൂവുടമകൾ കേസിനുപോകുന്ന സാഹചര്യത്തിന്റെ ആശങ്കയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം കൂടി അറിയാൻ വേണ്ടി ചോദിക്കുകയാണ്. വയനാട് ദുരന്തത്തിലെ പുനരധിവാസവുമായി ബന്ധപ്പെട്ട ടൗൺഷിപ്പ് ഏറ്റെടുക്കുന്ന ഭൂമിക്ക് വില നിശ്ചയിച്ചിട്ടുണ്ടോ; ഈ ഭൂമിയുടെ വില നൽകുന്നതിന് നിയമപരമായ പ്രശ്നങ്ങളുമുണ്ടോ; അതുസംബന്ധിച്ച ആശങ്കകളും പ്രശ്നങ്ങളും പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, രണ്ടു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. അതിലൊന്ന് ദുരന്തത്തിനിരയായവർക്ക് 300 രൂപ കൊടുത്തതിനെക്കുറിച്ചാണ്. അത് SDMA അനുസരിച്ച് കൊടുക്കാൻ കഴിയുന്നത് മൂന്നുമാസമാണ്. ഇനിയും അതുകൊടുക്കാൻ കഴിയുമോയെന്നുള്ള

കാര്യം നമുക്ക് ഗൗരവകരമായി പരിഗണിക്കാവുന്നതാണ്. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ ഭാഗമായി കൊടുക്കേണ്ട തുക എത്രയാണെന്ന് കണക്കാക്കണമെന്നുള്ളതാണ്. അതനുസരിച്ചുള്ള തുക കണക്കാക്കി കൊടുക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനകത്ത് മറ്റേതെങ്കിലും തരത്തിലുള്ള പ്രശ്നം ഉയർന്നു വരുമെന്ന് തോന്നുന്നില്ല. ചില ആശങ്കകളുടെ അടിസ്ഥാനത്തിൽ അവർ  അപ്പീൽ പോയിട്ടുണ്ട്. അതിൽ ഹൈക്കോടതി തന്നെ ആവശ്യമായ നിലപാട് സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: പുനരധിവാസ പ്രവർത്തനങ്ങൾക്ക് SDRF മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, മാനദണ്ഡങ്ങളിൽ ഇളവ് ഹൈക്കോടതി തന്നെ വരുത്തി കഴിഞ്ഞു. ഹൈക്കോടതി ഇളവ് വരുത്തിക്കൊണ്ടാണ് 120 കോടി രൂപ ദുരന്തനിവാരണനിധിയിൽ നിന്ന് ഇതിനുവേണ്ടി

ചെലവഴിക്കാമെന്ന് പറഞ്ഞത്. അത് വളരെ ആശ്വാസകരമായ ഒരു കാര്യമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.ഡി. സതീശൻ): സർ, നമുക്കറിയാം ഈ ദുരന്തം കഴിഞ്ഞിട്ടിപ്പോൾ ആറാമത്തെ മാസമാകുകയാണ്. നമ്മൾ ഒരുപാട് കാര്യങ്ങൾ പ്രഖ്യാപിച്ചെങ്കിലും പല കാര്യങ്ങളും മന്ദഗതിയിലാണ് പോകുന്നത്. പുനരധിവാസ പ്രക്രിയ തന്നെ അനിശ്ചിതത്വത്തിലെത്തി നിൽക്കുകയാണ്. മാത്രമല്ല, ഏറ്റവും അവസാനമായി 1000 സ്ക്വയർ ഫീറ്റ് വീടിന് 30 ലക്ഷം രൂപായെന്ന് സർക്കാർ തീരുമാനിച്ചതോടുകൂടി നിരവധി ഡോണേഴ്സ് അതിൽ നിന്നു പിൻവാങ്ങിയിരിക്കുകയാണ്. മുഖ്യമന്ത്രി വിളിച്ചു ചേർത്ത സമ്മേളനത്തിൽ തന്നെ പലരും ഈ 30 ലക്ഷം രൂപയെന്ന തുക..... 1000 സ്ക്വയർ ഫീറ്റ് വീട് വയ്ക്കാം. സംസ്ഥാനത്ത് ഒരുപാട് ഏജൻസികൾ 20 ലക്ഷം രൂപയ്ക്ക് വീട് വയ്ക്കാൻ തയ്യാറായി നിൽക്കുമ്പോൾ അല്ലെങ്കിൽ അതിനു താഴെ തയ്യാറായി നിൽക്കുമ്പോൾ 30 ലക്ഷം രൂപ എന്നുള്ളതൊരു വലിയ തുകയാണ് എന്നതുകൊണ്ട് നേരത്തേ വാഗ്ദാനം ചെയ്ത പല ഏജൻസികളും പിൻവാങ്ങുന്ന സാഹചര്യം വന്നു. മാത്രമല്ല ആറ് മാസമായിട്ടും ഗുരുതരമായി പരിക്കേറ്റ

ആളുകൾക്ക് ചികിത്സാസഹായം പോലും ഇതുവരെ നൽകുന്നില്ല. തന്നത്താൻ കൈയ്യിൽ നിന്ന് പണമെടുത്തിട്ടാണ് ഗുരുതരമായി പരിക്കേറ്റ ആളുകൾ പോലും ചികിത്സയ്ക്ക് പോകുന്നത്. ഇത്തരം സാഹചര്യങ്ങൾ പരിഗണിച്ച് അടിയന്തരമായ ചില നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വികാരം അവിടെ വളരെ വേഗത്തിൽ പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്നുള്ളതാണ്. അതേ വികാരം തന്നെയാണ് സംസ്ഥാന ഗവൺമെന്റിനുമുള്ളത്. അതിന് മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും നാം അവിടെ നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനകത്ത് സാധാരണഗതിയിൽ ഇത്തരമൊരു ദുരന്തമുണ്ടായാൽ അതിന് ആവശ്യമായ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്വാഭാവികമായുണ്ടാകുന്ന കാലതാമസം നമുക്കെല്ലാവർക്കും അറിയാം. പക്ഷെ നാം കാണേണ്ടത് നമ്മുടെ ഭൂമി സംബന്ധിച്ച് ഏറ്റെടുക്കേണ്ട കാര്യത്തിൽ ക്യാബിനറ്റ് 61 ദിവസം കൊണ്ട് തീരുമാനമെടുത്തു കഴിഞ്ഞിട്ടുണ്ട്. അത്രയും വേഗതയിൽ തന്നെ കാര്യങ്ങൾ നീക്കിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പിന്നെ ചില തടസ്സങ്ങൾ വന്നാൽ അത്

പരിഹരിക്കാവുന്നതേയുള്ളൂ. വളരെ വേഗത്തിൽ തന്നെ ഈ ഭൂമി പൂർണ്ണമായി ഏറ്റെടുക്കാനാകുമെന്നുതന്നെയാണ് സർക്കാർ കണക്കാക്കുന്നത്. യോഗത്തിൽ പറഞ്ഞ കണക്ക് പദ്ധതി തയ്യാറാക്കുമ്പോൾ ഉണ്ടായ ചില കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിലാണ്. അത് ഒറ്റവീട് എന്ന നിലയ്ക്ക് നിർമ്മിക്കുമ്പോഴുള്ള ഒരു ഭാഗമാണ്. അതേ തുക തന്നെ ഇതിനുവേണ്ടി വരില്ലായെന്നുള്ളത് ആ യോഗത്തിൽ ഞാൻ വ്യക്തമാക്കിയതാണ്. അതുമായി ബന്ധപ്പെട്ട് കൂടുതൽ ചർച്ചകൾ നടത്തേണ്ടതുണ്ട്. കാരണം ഇത് ഒരു വീടല്ല, കുറേ വീടുകൾ ഒന്നിച്ചു നിർമ്മിക്കുന്നതാണ്. അതിനാവശ്യമായ ഒരുപാട് സാമഗ്രികൾ ഒന്നിച്ച് വാങ്ങുകയാണ്. അതുമാത്രമല്ല, അതിന്റെ ഭാഗമായിട്ടുള്ള സഹായങ്ങളും സ്പോൺസർഷിപ്പിന്റെ ഭാഗമായി ലഭിക്കുന്നുണ്ട്. ഏകദേശം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച തുകയുടെ അടുത്ത് അപ്പുറവും ഇപ്പുറവും ഒക്കെയായി വരുന്ന തുകയിലേക്ക് കാര്യങ്ങൾ എത്തിക്കാൻ കഴിയുമെന്നാണ് അങ്ങയെപ്പോലെ ഞാൻ പ്രതീക്ഷിക്കുന്നത്. അതുതന്നെയാണ് പ്രതീക്ഷ. പക്ഷെ അതിന്റെ അവസാന തീരുമാനത്തിലേക്ക് എത്തികഴിഞ്ഞിട്ടില്ല. അത് നമുക്ക് എത്തിക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: ദുരന്തത്തിന്റെ ഭാഗമായിട്ടുള്ള പുനരധിവാസം ഉറപ്പാക്കേണ്ടവരുടെ ലിസ്റ്റ് ഔദ്യോഗികമായി തയ്യാറാക്കി അംഗീകാരം നൽകിയിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ആദ്യകരട് പ്രഖ്യാപിച്ചു. അതുമായി ബന്ധപ്പെട്ടുള്ള അഭിപ്രായങ്ങൾ സ്വീകരിച്ചുകഴിഞ്ഞു. അത് ഫൈനലൈസ് ചെയ്യാൻ പോവുകയാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, അതിതീവ്ര ദുരന്തമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സ്ഥിതിക്ക് ഇന്ത്യയിലെ എല്ലാ എം.പി. മാരുടെ ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ വീതം നൽകാനുള്ള സാധ്യതയുണ്ടോ; അതിന് വ്യവസ്ഥയുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട അംഗം കുറച്ചു കളഞ്ഞു. 25 ലക്ഷം രൂപയല്ല 1 കോടി രൂപ വരെ കൊടുക്കാമെന്നാണ് തോന്നുന്നത്. അതിതീവ്ര ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ 1 കോടി രൂപ വരെ കൊടുക്കാൻ കഴിയും. ഈ രാജ്യത്തുള്ള എല്ലാ എം.പി.മാർക്കും ഞാൻ നേരിട്ട് കത്തയച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പെട്ടെന്ന് തീരുമാനം എടുത്തുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പക്ഷെ രണ്ടു കാര്യങ്ങളിൽ ഇപ്പോഴും വ്യക്തതയില്ല. ഒന്ന് ലാന്റ് റിഫോംസ് ആക്റ്റ് അനുസരിച്ച് എസ്റ്റേറ്റ് ഏറ്റെടുക്കുമ്പോൾ അതിന്റെ ലിറ്റിഗേഷൻ continue ചെയ്യുമോ; അതുസംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് എസ്റ്റേറ്റ് ഉടമകൾക്ക് നൽകണം. അല്ലെങ്കിൽ വലിയ പ്രശ്നമാകും. ബഹു. ഹൈക്കോടതി കഴിഞ്ഞാൽ അവർ ബഹു. സുപ്രീം കോടതിയിൽ പോകും. അങ്ങനെ പോകില്ലായെന്നുള്ളതിന് ഉറപ്പുണ്ടോ; അല്ലെങ്കിൽ കാലതാമസം ഇനിയും വരും. രണ്ടാമത്തെ വിഷയം എന്നുപറയുന്നത്, നമുക്ക് പ്രസന്റ് ചെയ്ത കണക്കുവച്ചിട്ടല്ലേ പാർട്ടികളിൽ അല്ലെങ്കിൽ ഓൾ ഇന്ത്യ ഓർഗനൈസേഷൻ യോഗങ്ങളിലൊക്കെ ചർച്ച ചെയ്യാൻ കഴിയുകയുള്ളൂ. അതനുസരിച്ചുള്ള കോസ്റ്റ് വച്ചിട്ടാണ് ഞങ്ങൾ ഇത്രയും നാൾ ചർച്ച ചെയ്തത്. എത്ര എന്നുള്ള കണക്ക് ആറുമാസമായിട്ടും ഇല്ലെങ്കിൽ പിന്നെയെന്തു ചെയ്യും. അതുകൊണ്ട് ഇതിൽ വ്യക്തത കുറവ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അത് മുന്നോട്ടു വന്ന സന്നദ്ധസംഘടനകളെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസം ഉണ്ടാക്കുന്നുണ്ടെന്നുള്ളത്

ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് നേരത്തേയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അത്ര വലിയ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് തോന്നുന്നില്ല. കാരണം ഇതൊരു മഹാദുരന്തമാണ് സംഭവിച്ചത്. സ്വാഭാവികമായുള്ള ഒരു സ്ഥാപനത്തിന്റെ good will ഇതിൽ വന്നു ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാരണം ഒരു എസ്റ്റേറ്റ് അവർക്ക് സ്വാഭാവികമായി നടത്തിക്കൊണ്ടുപോകണമെന്നുണ്ടാകും. എന്നാലും ഇതുപോലൊരു കാര്യത്തിന് ആ സ്ഥലം വേണമെന്ന് പറയുമ്പോൾ അതിനോട് യോജിക്കുന്ന നിലപാടുതന്നെയാണ് അവർ പൊതുവെ സ്വീകരിച്ചിട്ടുള്ളത്. ചില സംശയങ്ങൾ അവർക്ക് ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ പോയെന്നുമാത്രമേയുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് നമുക്ക് ദുരീകരിക്കാവുന്നതേയുള്ളൂ. ദുരന്തനിവാരണ നിയമം അനുസരിച്ച് ഭൂമി ഏറ്റെടുക്കരുത്. അതാണ് അവർക്കുണ്ടായ ഒരു ആശങ്ക. ദുരന്തനിവാരണ നിയമം അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ? ഇതുവരെ നടത്തിയിട്ടില്ല. ഇത് ഒരു പ്രത്യേക കേസായി വന്ന കാര്യം മാത്രമാണല്ലോ.

ദുരന്തനിവാരണ നിയമം അനുസരിച്ച് ഇനിയും ഭൂമി ഏറ്റെടുത്തുകളയുമോ എന്നാണ് അവർക്കുണ്ടാകുന്ന ആശങ്കയെന്നാണ് തോന്നുന്നത്. സ്വാഭാവികമായും അങ്ങനെയൊരു കാര്യം എല്ലാവർക്കും വരും. ദുരന്തത്തിന്റെ ഭാഗമായി മാത്രം വരുന്ന കാര്യമല്ലേ. ആ ആശങ്ക അതേപോലെ നമുക്ക് കോടതിയുടെ മുന്നിൽ പറഞ്ഞാൽ പരിഹരിക്കാവുന്നതേയുണ്ടാകൂ. അതുപോലുള്ള ചില ആശങ്കകളാണ് അവർക്കുള്ളത്. അതൊന്നും അടിസ്ഥാനപരമായി ഭൂമി ഏറ്റെടുക്കലിനെ തടസ്സപ്പെടുത്തുന്ന നിലയല്ല. ഭൂമി ഏറ്റെടുക്കരുതെന്ന് അവർക്കും അഭിപ്രായമില്ല. അതുകൊണ്ട് അത് നമുക്ക് പരിഹരിക്കാൻ ആകുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. പിന്നെ രണ്ടാമത്തെ കാര്യം അങ്ങുപറഞ്ഞ വീട് നിർമ്മിക്കുമ്പോഴുണ്ടാകുന്ന കോസ്റ്റിന്റെ കാര്യം. ഞാൻ നേരത്തേ പറഞ്ഞതുതന്നെയാണ് ആവർത്തിച്ചു പറയാനുള്ളത്. അത് വേഗം തന്നെ തീരുമാനത്തിലേക്കെത്തിക്കാൻ കഴിയും.

## എക്സൈസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

(*2) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. പ്രേംകുമാർ ചുമതലപ്പെടുത്തിയത് പ്രകാരം
(ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ):
ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയതുപ്രകാരം

(ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വിഭാഗത്തെ ആധുനികവത്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ എക്സൈസ് വിഭാഗം പിടിച്ചെടുത്ത മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും വിശദാംശം നൽകാമോ;

(സി) പിടിച്ചെടുക്കപ്പെട്ട ലഹരി വസ്തുക്കൾ നശിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കാലയളവിൽ എക്സൈസ് വിഭാഗം ഇതുസംബന്ധിച്ച് എത്ര കേസുകളെടുത്തിട്ടുണ്ടെന്നും അതിൽ എത്ര പ്രതികളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ നൽകാമോ?

(എ) തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 15 വർഷം കാലപ്പഴക്കമുള്ള വാഹനങ്ങൾ പിൻവലിച്ച് പുതിയ 66 മഹേന്ദ്ര ബൊലേറോ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. എക്സൈസ് വകുപ്പിലെ ആശയ വിനിമയം വേഗത്തിലാക്കുന്നതിനായി എറണാകുളം പാലക്കാട് ജില്ലകൾക്ക് പുറമേ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ കൂടി ഡിജിറ്റൽ വയർലെസ് സിസ്റ്റം സ്ഥാപിച്ചു. എക്സൈസ് വകുപ്പിന്റെ ആയുധശേഷി വർദ്ധിപ്പിക്കുന്നതിനായി പിസ്റ്റലുകളും തിരകളും വാങ്ങിയിട്ടുണ്ട്. കണ്ടെടുക്കുന്ന കേസുകളിലെ ശാസ്ത്രീയമായ അന്വേഷണം സുഗമമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ നാല് ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനായി മയക്കുമരുന്നിന്റെ ഉപയോഗം തിരിച്ചറിയാൻ സഹായിക്കുന്ന 1700 ഡ്രഗ്ഗ് ഡിറ്റക്ഷൻ കിറ്റുകളും കണ്ടെടുക്കുന്ന മയക്കുമരുന്നിന്റെ തരം

തിരിച്ചറിയുന്നതിനുള്ള 144 കിറ്റുകളും വാങ്ങി. എക്സൈസ് വകുപ്പിന്റെ സൈബർ സെല്ലിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ കണ്ടു പിടിച്ച് തടയുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടികൾ കേരള പോലീസുമായി സഹകരിച്ച് നടത്തുകയും അന്വേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആധുനിക സൈബർ ഫോറൻസിക് ഉപകരണങ്ങളും സി.ഡി.ആർ. അനലൈസറുകളും വിതരണം ചെയ്തിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ സുതാര്യമാക്കുന്നതിനായി പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ സിസിടിവി സിസ്റ്റവും അത് പരിശോധിക്കുന്നതിനുള്ള കേന്ദ്രീകൃത മോണിറ്ററിങ് സംവിധാനവും സ്ഥാപിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക്പോസ്റ്റുകളെ ഒഴിവാക്കി കേരളത്തിലേയ്ക്ക് മദ്യം, മയക്കുമരുന്ന് തുടങ്ങിയവ കടത്തുന്നത് തടയുന്നതിനായി കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (കെമു) എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന നാല് മൊബൈൽ പട്രോളിംഗ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കാലപ്പഴക്കം കൂടിയ കുട്ടപ്പുഴ,

വാളയാർ എന്നീ എക്സൈസ് ചെക്ക്പോസ്റ്റുകളിലെ കണ്ടെയിനർ മൊഡ്യൂളുകൾ മാറ്റി സ്ഥാപിച്ചു. ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി വേഗത്തിലാക്കുന്നതിനായി വകുപ്പിലെ പഴക്കം ചെന്ന കംപ്യൂട്ടറുകൾ മാറ്റുകയും നിലവിൽ ജില്ലാതല ഓഫീസുകൾ വരെ നടപ്പിലാക്കിയിട്ടുള്ള ഇ-ഓഫീസ് സംവിധാനം റേഞ്ച്, സർക്കിൾ തലം വരെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ലാത്തി, ഹാൻഡ് കഫ്, കുട, റെയിൻ കോട്ട്, ടോർച്ച്, സിഗ്നൽ ലൈറ്റ് ബാറ്റൺ, ട്രാഫിക് കോൺ, റിഫ്ളക്ടീവ് ജാക്കറ്റ്, ബീച്ച് അംബ്രല്ല, ടേപ്പ്, അണ്ടർ വെഹിക്കിൾ മിറർ മുതലായവ ഫീൽഡ് ഓഫീസുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. അബ്കാരി /എൻ.ഡി.പി.എസ്. കേസുകളിൽ പിടിക്കുന്ന വാഹനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി എറണാകുളം ജില്ലയിൽ മാമല എക്സൈസ് റെയിഞ്ച് ഓഫീസിൽ ഒരു വെഹിക്കിൾ യാർഡ് സ്ഥാപിച്ചു. ഓഫീസുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും തൊണ്ടി സാധനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ സുരക്ഷിതത്വം ഉറപ്പിക്കുന്നതിനും കേരളത്തിലെ 86 എക്സൈസ് റേഞ്ച്

ഓഫീസുകൾ കെൽട്രോൺ മുഖാന്തരം സിസിടിവി സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിലെ ഐ.ടി. സെല്ലിനെ ശക്തിപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥർക്ക് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖാന്തിരം പരിശീലനം നൽകുകയും സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മാക് ബുക്ക്, ഐമാക് കംപ്യൂട്ടറുകളും ഹൈഎന്റ് ഡെസ്ക് ടോപ്പുകളും വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ സർക്കാരിന്റെ കാലത്ത് കള്ള് ഷാപ്പുകളുടെ വിൽപ്പന അടക്കം വകുപ്പ് നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ 2024 ഡിസംബർ 31 വരെ സംസ്ഥാനത്ത് എക്സൈസ് വകുപ്പ് കണ്ടെടുത്ത അബ്കാരി കേസുകളിൽ ആകെ 78,534.05 ലിറ്റർ സ്പിരിറ്റ്, 22,932.865 ലിറ്റർ ചാരായം 1,89,667.55 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, 12,12,297.60 ലിറ്റർ വാഷ്, 10,796.675 ലിറ്റർ അരിഷ്ടം, 9,211.33 ലിറ്റർ ബിയർ, 64,165.99 ലിറ്റർ കള്ള്, 58,940.76 ലിറ്റർ അന്യ സംസ്ഥാന മദ്യം, 11,215.95 ലിറ്റർ അനധികൃത മദ്യം, 15,505.625 ലിറ്റർ വൈൻ എന്നിവയും സംസ്ഥാനത്ത് കണ്ടെടുത്തു. എൻ.ഡി.പി.എസ്.

കേസുകളിൽ ആകെ 13,656.635 കിലോഗ്രാം കഞ്ചാവ്, 24,537.564 ഗ്രാം എം.ഡി.എം.എ., 8,367 എണ്ണം കഞ്ചാവ് ചെടികൾ, 47.987 ഗ്രാം എൽ.എസ്.ഡി., 58,530.072 ഗ്രാം ഹാഷിഷ് ഓയിൽ, 692.090 ഗ്രാം ബ്രൗൺ ഷുഗർ, 2,108.069 ഗ്രാം ഹെറോയിൻ, 3,086.969 ഗ്രാം നർക്കോട്ടിക്ക് ഗുളികകൾ എന്നിവയും തൊണ്ടിമുതലായി പിടിച്ചെടുത്തിട്ടുണ്ട്.

(സി) പിടിച്ചെടുക്കപ്പെട്ട ലഹരി വസ്തുക്കളിൽ ഉൾപ്പെട്ട മയക്ക മരുന്നുകൾ, കഞ്ചാവ് തുടങ്ങിയ ലഹരി വസ്തുക്കൾ കോടതിയിൽ ഹാജരാക്കിയ ശേഷം 1985 ലേ Narcotic Drugs and Psychotropic Substances Act, ലെ 52A വകുപ്പ് പ്രകാരം കോടതിയുടെ സാന്നിദ്ധ്യത്തിൽ അവയുടെ വിശദമായ ഇൻവെന്ററി തയ്യാറാക്കുകയും, ഫോട്ടോ ചിത്രീകരിക്കുകയും ചെയ്യുന്നു. കൂടാതെ മയക്കുമരുന്നുകളിൽ നിന്ന് ആവശ്യമെങ്കിൽ representative sample ശേഖരിക്കും. ടി ഇൻവെന്ററി, ഫോട്ടോഗ്രാഫുകൾ എന്നിവ മജിസ്ട്രേറ്റിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി വാങ്ങിയ ശേഷം അവ കോടതിയുടെ അനുമതിയോടെ അതത് ജില്ലകളിലെ Narcotic Drugs and Psychotropic Substances and Conveyances Disposal Committee മുമ്പാകെ

ഹാജരാക്കുകയും തുടർന്ന് ഈ കമ്മിറ്റി അവയെ പ്രകൃതിയ്ക്ക് ദോഷം വരാത്ത വിധത്തിൽ നശിപ്പിച്ചശേഷം ഡിസ്പ്പോസൽ സർട്ടിഫിക്കറ്റ് കോടതിയിൽ ഹാജരാക്കും. തൊണ്ടി മുതലായി പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വിദേശനിർമ്മിത വിദേശ മദ്യം, സ്പിരിറ്റ്, കള്ള്, ചാരായം, അരിഷ്ടം, വ്യാജമദ്യം എന്നിവ അബ്കാരി ആക്ടിലെ 67 വകുപ്പ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കുകയും അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അവ പരിശോധിച്ച് അവയുടെ വിശദമായ ഇൻവെന്ററി തയ്യാറാക്കുകയും ഫോട്ടോ ചിത്രീകരിക്കുകയും ചെയ്യും. ആവശ്യമെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ representative sample ശേഖരിക്കുകയും ചെയ്യുന്നു. അതിനുശേഷം ടി ഇൻവെന്ററി, ഫോട്ടോഗ്രാഫുകൾ എന്നിവ ബന്ധപ്പെട്ട മജിസ്ട്രേറ്റിനെ കൊണ്ട് സാക്ഷ്യപ്പെടുത്തി തെളിവിനായി കോടതിയിൽ സമർപ്പിക്കുന്നു. ടി മദ്യം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അബ്കാരി ആക്ടിലെ 67 ബി വകുപ്പ് പ്രകാരം സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയും അതിനുശേഷം സ്പിരിറ്റ് ഒഴികെയുള്ളവ എക്സൈസ് കമ്മീഷണർ അധ്യക്ഷനായ

ഡിസ്പോസൽ കമ്മിറ്റിയുടെ അനുമതിയോടെ പ്രകൃതിക്ക് ദോഷം വരാത്ത വിധത്തിൽ നശിപ്പിക്കുകയും സ്പിരിറ്റ് സർക്കാരിലേയ്ക്ക് മുതൽ കൂട്ടുകയും ചെയ്യുന്നു.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ 2024 ഡിസംബർ 31 വരെ, സംസ്ഥാനത്ത് എക്സൈസ് വകുപ്പ് 69,236 അബ്കാരി കേസുകളും, 24,670 എൻഡിപിഎസ് കേസുകളും, 2,89,219 കോട്പ കേസുകളും കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അബ്കാരി കേസുകളിൽ 56,204 പേരെയും, എൻഡിപിഎസ് കേസുകളിൽ 24,124 പേരെയും ഈ കാലയളവിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വിദ്യാർഥികളിൽ ലഹരി ഉപയോഗം വർധിക്കുന്നതായി ധാരാളം പത്രവാർത്തകൾ വരുന്നുണ്ട്. ലഹരി വസ്തുക്കൾ വിദ്യാർഥികളുടെ കൈവശം എത്താതിരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

മി. സ്പീക്കർ: യെസ്... കുട്ടികളിൽ ലഹരി എത്താതിരിക്കാൻ എന്തെല്ലാം നടപടികൾ?

ശ്രീ. വി. എൻ. വാസവൻ: സർ, സംസ്ഥാനത്ത് വിമുക്തി മിഷന്റെ നേതൃത്വത്തിൽ വലിയ രൂപത്തിലുള്ള പ്രതിരോധം തീർക്കുന്നതിനാവശ്യമായ ചെക്കിങ്ങ്, ബോധവൽക്കരണ ക്യാമ്പ് എന്നിവ നടത്തുന്നുണ്ട്. സാമൂഹ്യനീതി വകുപ്പുമായി യോജിച്ചുചേർന്ന് ചില പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇങ്ങനെ വിവിധ തരത്തിലുള്ള ക്യാമ്പയിൻ ഒരു ഭാഗത്തും മറ്റൊരു ഭാഗത്ത് ഇത്തരം ലഹരി എത്തിക്കുന്ന കൂട്ടരെ പിടികൂടാൻ ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ലഹരി മരുന്ന് കണ്ടെത്തിയ കേസ്സുകളിൽ കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പുവരുത്തുന്നതിന് എക്സൈസ് വകുപ്പ് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പ്രതികൾ പുറത്തുപോകുന്നതിന് മുമ്പുതന്നെ സമയബന്ധിതമായി കൃത്യമായി കുറ്റപത്രം തയ്യാറാക്കി കുറ്റവിചാരണ നടത്താനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും അതോടൊപ്പം Prevention of Illicit Traffic in Narcotic Drugs and Psychotropic Substances Act (PITNDPS Act) അനുസരിച്ചുള്ള വകുപ്പ്

ചേർത്ത് ലഹരി പദാർഥങ്ങൾ പിടിക്കുന്നതിനുള്ള കേസ്സും ചാർജ്ജ് ചെയ്ത് കോടതിയിൽ സമർപ്പിക്കുന്നുണ്ട്.

ശ്രീ. പി. ടി. എ. റഹിം: സർ, ലഹരി കേസുകളിൽ പടിക്കപ്പെടുന്ന പ്രതികൾ ജാമ്യത്തിൽ ഇറങ്ങി വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കൃത്യമായി കരുതൽ തടങ്കലിൽ വയ്ക്കുന്നതിനാവശ്യമായ PITNDPS Act അനുസരിച്ചുള്ള ക്രമീകരണങ്ങളും കേസ്സുമെടുത്ത് മുന്നോട്ടുപോകുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, പിടിച്ചെടുത്ത ലഹരി വസ്തുക്കളും സ്പിരിറ്റും ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, കൃത്യമായി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു ഡിസ്പോസബിൾ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പംതന്നെ സംസ്ഥാനത്തെ പബ്ലിക് സെക്യൂറിന് സർക്കാർ

നിശ്ചയിക്കുന്ന വിലയ്ക്ക് പ്രയോജനപ്പെടുത്തി വിൽക്കുന്നുമുണ്ട്. അത് കളയാതെ സൂക്ഷിക്കുന്നുമുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ലഹരിക്കടിമപ്പെട്ട ആയിരക്കണക്കിനാളുകളുണ്ട്. അവരെ ചികിത്സിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നമ്മുടെ സംസ്ഥാനത്ത് 14 കേന്ദ്രങ്ങളിൽ അതിന് പ്രത്യേകമായ ചികിത്സാ കേന്ദ്രങ്ങളും കുട്ടികൾക്കും സ്ത്രീകൾക്കുമുള്ള പ്രത്യേകമായ ചികിത്സാ കേന്ദ്രങ്ങളും അതോടൊപ്പം തന്നെ അതിനാവശ്യമായ പ്രതിരോധ പ്രവർത്തനങ്ങളും സംസ്ഥാനത്ത് സംഘടിപ്പിക്കുന്നുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒരിക്കൽ അടിയന്തര പ്രമേയമായി കൊണ്ടുവരുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ രണ്ട് തലങ്ങളിലായി ജനകീയ ക്യാമ്പയിനുകൾ ആരംഭിച്ചൊരു വലിയ വിഷയമാണിത്. അടുത്ത ദിവസങ്ങളിലായി എന്റെ നിയോജക മണ്ഡലമായ പേരയത്ത് അമ്മയെയും മുത്തച്ഛനേയും ലഹരിക്കടിമയായ ഒരു കുട്ടി അടിച്ചുകൊന്നു. പ്രതിപക്ഷ നേതാവിന്റെ നിയോജകമണ്ഡലത്തിൽ മൂന്നുപേരെ ഒരാൾ കൊലപ്പെടുത്തിയത്.

ആ വ്യക്തിയും ലഹരിക്കടിയമയാണെന്ന് പറയുന്നു. താമരശ്ശേരിയിൽ ലഹരിക്കടിമയായ മകൻ അമ്മയെ കൊന്നതും കഴിഞ്ഞ ആഴ്ചയാണ്. തിരുവനന്തപുരത്ത് അച്ഛനെ കൊന്നു. ഈ നിലയിൽ വല്ലാതെ പിടിവിട്ടുപോകുന്ന അവസ്ഥയിലേക്ക് ചെറുപ്പക്കാരിലെയും കുട്ടികളിലെയും ലഹരി വ്യാപനം വലിയൊരു സാമൂഹിക പ്രശ്നമായി നിൽക്കുകയാണ്. എക്സൈസ് നടത്തുന്ന പ്രവർത്തനങ്ങളോടൊപ്പം പ്രത്യേകിച്ച് വിദ്യാഭ്യാസ വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്ന് വലിയ തോതിലുള്ള ഒരു മൂന്നാംഘട്ട ക്യാമ്പയിൻ കൂടി സംസ്ഥാനത്ത് ജനകീയമായി തന്നെ.... പ്രതിപക്ഷ നേതാവ് ആദ്യഘട്ടത്തിൽ തന്നെ പ്രതിപക്ഷത്തിന്റെ പൂർണ്ണ വാഗ്ദാനം ചെയ്യുകയും ഞങ്ങൾ അത് തരുകയും ചെയ്തതാണ്. അത് ആരംഭിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇക്കാര്യത്തിൽ ഗൗരവമായ സമീപനമുണ്ട്. അത് കൂടുതൽ വർദ്ധിപ്പിക്കണമെന്നൊരു അപേക്ഷകൂടി ഈ ചോദ്യത്തിന്റെ ഭാഗമായി വയ്ക്കുകയാണ്.

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം കാര്യമായി ആലോചിക്കുകയും വിദ്യാഭ്യാസ വകുപ്പ്,

സാമൂഹ്യനീതി വകുപ്പ്, പോലീസ് ഇവരെല്ലാം കൂടിച്ചേർന്ന് സംയുക്തമായ ക്യാമ്പയിൻ വിമുക്തി എന്ന പേരിൽ പ്രധാനപ്പെട്ടൊരു പ്രോജക്ട് തന്നെ ഏറ്റെടുത്ത് നടത്തിവരുകയാണ്. അതോടൊപ്പം തന്നെ നല്ല രീതിയിലുള്ള പരിശോധനകളും ഇടപെടലും ക്യാമ്പയിനും ശക്തിപ്പെടുത്താൻ ഇനിയും മുന്നോട്ട് നീങ്ങുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പ്രതിപക്ഷമുൾപ്പെടെ നമുക്കെല്ലാവർക്കും ചേർന്ന് ഇക്കാര്യത്തിൽ ശക്തമായ നിലപാടുമായി ഇനിയും മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. അതിനോട് യോജിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ലഹരി ഉപഭോഗത്തിന്റെ വർധനവ് ആശങ്കാജനകമാണ്. പുകയില ഉൽപ്പന്നങ്ങളും സിന്തറ്റിക് ലഹരിയും വ്യാപകമായി വില്പന നടത്തുന്നുണ്ട്. ഇക്കാരത്തിൽ എൻ.ഡി.പി.എസ്. ആക്റ്റിലെ പീനൽ സെക്ഷനിലാണ് ഒരു പരിമിതിയുള്ളത്. ഒരു കിലോഗ്രാം കഞ്ചാവ് പിടിച്ചെടുത്താൽ 200 രൂപയാണ് പിഴയായി ശിക്ഷിക്കുന്നത്. ലക്ഷക്കണക്കിന് രൂപ ലാഭമുണ്ടാക്കുന്ന ഈ മാഫിയകൾക്ക് ഫൈൻ അടച്ച് പോകുന്നതിന് യാതൊരു പ്രയാസവുമില്ല. വീണ്ടും ഇതുതന്നെ

ആവർത്തിക്കുകയാണ്. എൻ.ഡി.പി.എസ്. ആക്ട് സെൻട്രൽ ആക്റ്റായതിനാൽ അത് ഭേദഗതി ചെയ്യാൻ സംസ്ഥാന ഗവൺമെന്റിന് കഴിയുന്നില്ല. ശിക്ഷയുടെ കാര്യത്തിൽ വർധനവ് വരുത്തണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് സംസ്ഥാന നിയമസഭയിൽ പ്രമേയം പാസാക്കുന്നതിനും ഇത്തരത്തിൽ കച്ചവടം നടത്തുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരാനും തയ്യാറാകുമോ; അതിനുള്ള ആലോചന നടത്തുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചത് പ്രധാനപ്പെട്ട പ്രശ്നമാണ്. അബ്കാരി ആക്റ്റനുസരിച്ചും, എൻ.ഡി.പി.എസ്. ആക്റ്റനുസരിച്ചും കോട്പ (COTPA) ആക്ടനുസരിച്ചും നിലവിൽ എക്സൈസ് വകുപ്പ് മൂന്ന് തരത്തിലാണ് കേസുകളെടുക്കുന്നത്. അതിൽ അവസാനം സൂചിപ്പിച്ച കോട്പ ആക്റ്റ് അനുസരിച്ചാണ് ഇത്തരം കേസുകളെടുത്തുകൊണ്ടിരിക്കുന്നത്. അത് പലരും വിട്ടുപോകുന്നുവെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. അതുകൊണ്ട് ഭാവിയിൽ ഇത്തരം നിയമം കൊണ്ടുവരുന്നകാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ ലഹരിയുടെ ഉപഭോഗം വല്ലാതെ വർധിച്ചുവരികയാണ്. ഒരു യുവജന സംഘടനാ പ്രവർത്തകനെന്ന നിലയിൽ അതിലുള്ള ആശങ്ക പങ്കുവയ്ക്കുന്നു. സ്കൂളുകളാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങളായി മാറുന്നത്. നിലവിൽ ലഹരിക്കെതിരായി ആരംഭിച്ച പദ്ധതിയാണ് വിമുക്തി. കുട്ടികൾ ഡിസൈൻഡ് ഡ്രഗ്സിൽനിന്ന് സെൽഫ് ഡിസൈൻഡ് ഡ്രഗ്സിലേയ്ക്ക് മാറുമ്പോൾ വിമുക്തി പദ്ധതിയെ അപ്ഡേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. അതിനാൽ വിദ്യാഭ്യാസ വകുപ്പും എക്സൈസ് വകുപ്പും ചേർന്ന് നടത്തുന്ന കാലികമായ എന്തെങ്കിലും പദ്ധതികളെപ്പറ്റി ആലോചിക്കുന്നുണ്ടോ; യുവജനസംഘടനാ പ്രവർത്തകരെ അതിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ നടത്തിയ പദ്ധതികളുടെ കാര്യക്ഷമത സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാണോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിലവിൽ ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പും യുവജനക്ഷേമ വകുപ്പുമായി കൂടിയാലോചിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് രൂപവും ഭാവവും നൽകിയിട്ടുണ്ട്. ഭാവിയിൽ അങ്ങ് സൂചിപ്പിച്ചതുപോലെയുള്ള കൂടുതൽ കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, മയക്കമരുന്ന് മാഫിയ നാട്ടിലാകെ വിഹരിച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോൾ സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് അതിനെ അടിച്ചമർത്താൻ ശ്രമിക്കുന്നുണ്ട്. എന്നാൽപോലും കുട്ടികളെ കാരിയർമാരായും യുവാക്കളെ മയക്കമരുന്ന് ഉപഭോക്താക്കളായും മാറ്റുകയാണ്. എക്സൈസ് വകുപ്പ് ജാഗ്രതയോടുകൂടിയാണ് മുന്നോട്ടുപോകുന്നതെങ്കിലും വകുപ്പിന് പലസ്ഥലത്തും ആവശ്യമായ സംവിധാനങ്ങളില്ല. വാഹനങ്ങളില്ലാത്തതുമായി ബന്ധപ്പെട്ട വിഷയങ്ങളുണ്ട്. ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ മാഫിയയെ ഇല്ലാതാക്കാനുള്ള ശ്രമമുണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതിനുള്ള മറുപടി ഞാൻ ആദ്യം രേഖാമൂലമുള്ള മറുപടിയിൽത്തന്നെ പറഞ്ഞിരുന്നു. എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക പരിശീലനങ്ങൾ, പുതിയ അനലൈസർ, വാഹനങ്ങൾ, പിസ്റ്റലുകൾ എന്നിവയെല്ലാം നൽകിവരുന്നുണ്ട്. ഇത്തരത്തിൽ നല്ലരീതിയിൽ മോഡേണൈസ് ചെയ്തുതന്നെയാണ് എക്സൈസ് വകുപ്പ് മുന്നോട്ടുപോകുന്നത്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് നല്ലരീതിയിലാണ് ഇടപെടലുകൾ നടത്തുന്നത്. എന്നാൽ നമ്മുടെ നാട്ടിൽ അന്യസംസ്ഥാന തൊഴിലാളികൾ 25 ലക്ഷത്തിൽ കൂടുതലുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. എക്സൈസ് ഡിപ്പാർട്ടുമെന്റിൽ അയ്യായിരത്തിൽപ്പരം ജീവനക്കാർ മാത്രമാണുള്ളതെന്നാണ് അറിയാൻ കഴിഞ്ഞത്. അന്യസംസ്ഥാന തൊഴിലാളികളിൽ നല്ലൊരു വിഭാഗം ലഹരിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സജീവമായിക്കൊണ്ടിരിക്കുകയാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കണ്ണ് വെട്ടിച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇവർ കൂടുതലായും യാത്രചെയ്യുന്നത് ട്രെയിൻ മാർഗ്ഗമാണ്. റെയിൽവേയിൽ നിന്ന് വേണ്ടത്ര സഹായം എക്സൈസ് വകുപ്പിന് നൽകുന്നില്ലെന്ന വിവരം ലഭിക്കുകയുണ്ടായി. നാട്ടിൽ നിരവധി മികച്ച യുവജന സംഘടനകളുണ്ട്. ഇവരെയെല്ലാം ഉപയോഗപ്പെടുത്തി എക്സ്സൈസ് ഡിപ്പാർട്ടുമെന്റുമായി ചേർന്ന് ലഹരിയുടെ വ്യാപനം തടയാൻ എന്തെങ്കിലും പദ്ധതി ആലോചിച്ചിട്ടുണ്ടോ; അത് നടപ്പിലാക്കാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ നല്ലരീതിയിലുള്ള ഇടപെടലാണ് എക്സൈസ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങ് സൂചിപ്പിച്ചതുപോലെ, ഇക്കാര്യത്തിൽ ഇനിയും കൂടുതലായി പ്രതിരോധം തീർക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് ഏറ്റെടുക്കാൻ തയ്യാറാണ്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ‘ വിമുക്തി’ എന്നത് ഏറ്റവും മികച്ച ഒരു പദ്ധതിയാണ്. അതിൽ സ്പോർട്സിനെകൂടി സംയോജിപ്പിച്ച് കുട്ടികളുടെ എനർജി അതിലേയ്ക്ക് ഡൈവേർട്ട് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ; അങ്ങേയ്ക്ക് എന്താണ് ഇതിനെക്കുറിച്ച് പറയാനുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടത്തിയ ജോയിന്റ് ക്യാമ്പയിനിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് സ്പോർട്സ് മേഖലയിൽ വ്യാപകമായ പ്രചരണങ്ങൾ തുടങ്ങിയിട്ടുണ്ട്. വിമുക്തിയിൽ സ്പോർട്സും കൂടി ഉൾപ്പെടുത്തുന്നതിനുള്ള നപടികൾ ഭാവിയിൽ സ്വീകരിക്കാവുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, 'വായനയാണ് ലഹരി' എന്ന ആശയം മുൻനിർത്തി കേരള നിയമസഭയിൽ അങ്ങയുടെ നേതൃത്വത്തിൽ ലഹരിക്കെതിരെ വലിയൊരു പോരാട്ടം നടത്തിയതിൽ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. പ്രധാനമായും രണ്ട് കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. ഒന്ന്, ലഹരി ബോധവൽക്കരണത്തോടൊപ്പം സ്പോർട്സിന് വലിയ പ്രാധാന്യം നൽകണം. എല്ലാ പഞ്ചായത്തുകളിലും കളിക്കളങ്ങളുണ്ടാക്കിയാൽ കൂടുതൽ കുട്ടികൾ കളങ്ങളിലേയ്ക്കിറങ്ങുന്ന സാഹചര്യമുണ്ടാകണമെന്നതാണ് പ്രധാനപ്പെട്ടൊരു ഓപ്ഷൻ. രണ്ട്, വായനപോലുള്ള സാസ്കാരിക പ്രവർത്തനങ്ങൾക്ക് കൂടുതൽ ഇടം കണ്ടെത്തണം. അങ്ങ് ആ രംഗത്ത് നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരാളാണ്. ബോധവൽക്കരണത്തോടൊപ്പം സാംസ്കാരിക ഇടങ്ങളും, വായനയുടെയും സ്പോർട്സിന്റെയും ഇടങ്ങൾകൂടി സൃഷ്ടിക്കാൻ എക്സൈസ് വകുപ്പ് മറ്റ് വകുപ്പുകളുമായി സഹകരിച്ചുകൊണ്ടുള്ള പദ്ധതികൾ രൂപീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങയുടെ ക്രിയാത്മക നിർദേശം സ്വാഗതം ചെയ്യുന്നു. വായന ഒരു ലഹരിയായി മാറണമെന്ന നിർദേശം ഏറെ

സ്വാഗതാർഹമാണ്. സ്പോർട്സ് രംഗത്ത് അങ്ങ് നിർദേശിച്ച ഉള്ളടക്കവും അംഗീകരിക്കുന്നു. ഇതിനായി യോജിച്ച പ്രവർത്തനങ്ങളിലേക്ക് നമുക്ക് നീങ്ങാം.

ശ്രീ. എം. വിൻസെന്റ്: സർ, അപകടകരമായ രീതിയിൽ വർധിച്ചുവരുന്ന മയക്കുമരുന്ന് വ്യാപനം തടയുന്നതിന് ഏറ്റവും മികച്ച ഒരു ആശയമായിരുന്നു 2021-ലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച വാർഡ് അടിസ്ഥാനത്തിൽ വാർഡ് മെമ്പർമാർ കൺവീനർമാരായി ജാഗ്രതാ സമിതികൾ രൂപീകരിക്കുമെന്നത്. അത് എല്ലായിടത്തും രൂപീകരിക്കാൻ കഴിഞ്ഞില്ല. രൂപീകരിച്ച സ്ഥലത്തുതന്നെ അതിന്റെ പ്രവർത്തനങ്ങൾ സ്തംഭിച്ച അവസ്ഥയിലുമാണ്. ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന ഈ സമിതി എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കുവാനും അതിന്റെ പ്രവർത്തനങ്ങൾ പീരിയോഡിക്കലായി വിലയിരുത്തുന്നതിനും വേണ്ടിയുള്ള സംവിധാനമൊരുക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് പറഞ്ഞതുപോലെ ആ പ്രഖ്യാപനം നടപ്പിലാക്കാനായി എക്സൈസ് ഡിപ്പാർട്ടുമെന്റ് മുന്നോട്ടുവന്നിട്ടുണ്ട്.

എന്നാൽ അതിന്റെ റിവ്യൂ നടക്കുന്നില്ലായെന്നുള്ള പോരായ്മയുണ്ട്. ഭാവിയിൽ അതിന്റെ റിവ്യൂ നടത്തി ഫലപ്രദമായി ഫങ്ഷൻ ചെയ്യിച്ചാൽ വളരെ എഫക്റ്റീവാണെന്നുള്ള കാര്യത്തിൽ സംശയമില്ല. അക്കാര്യം ശ്രദ്ധിക്കുന്നതാണ്.

**പോലീസ് സ്റ്റേഷനുകൾക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുരസ്കാരം**

3 (*3) <u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യവികസനത്തിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾക്കാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ ലഭിച്ചതെന്നും പ്രസ്തുത പുരസ്കാരങ്ങൾ ഏതെല്ലാമെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പുരസ്കാരങ്ങൾക്കായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം പരിഗണിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കൂടുതൽ പോലീസ് സ്റ്റേഷനുകളെ പ്രസ്തുത മന്ത്രാലയത്തിന്റെ അംഗീകാരത്തിന് പ്രാപ്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, (എ) ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കാലത്തിനനുസരിച്ച് ജനങ്ങൾക്ക് പരമാവധി സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുന്നവിധം പോലീസ് സംവിധാനങ്ങളെ ആധുനികവൽക്കരിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് അടിസ്ഥാനസൗകര്യ വികസനങ്ങൾക്കുപരിയായി സർക്കാർ നടപ്പിലാക്കിയത്.

വിവിധ ആവശ്യങ്ങൾക്കായി സ്റ്റേഷനിൽ നേരിട്ടെത്തുന്ന രീതിക്ക് മാറ്റംവരുത്തുകയെന്നത് പ്രധാനമായിരുന്നു. പരാതികൾ ഓൺലൈനായി സ്വീകരിക്കുന്ന പ്രത്യേക പോർട്ടൽ 'THUNA', 'POL-APP' എന്നിവ ഇതിൽ പ്രധാനമാണ്. ചെറിയ അപകടങ്ങൾ സംഭവിക്കുമ്പോൾ ആവശ്യമായിവരുന്ന 'ആക്സിഡന്റ് ജനറൽ ഡയറി എൻട്രി', FIR-ന്റെ പകർപ്പ്, ഉച്ചഭാഷിണികൾക്കുള്ള അനുമതി തുടങ്ങിയവ ഇപ്പോൾ ഓൺലൈനിൽ ലഭിക്കും.

പാസ്പോർട്ട് വെരിഫിക്കേഷന്റെ എല്ലാ നടപടിക്രമങ്ങളും പൂർണ്ണമായും ഓൺലൈനിലാണ് നിർവഹിക്കുന്നത്. ഇതുവഴി കാലതാമസം

വലിയതോതിൽ ഒഴിവാക്കാനാകും. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി ഉയർത്തിയിട്ടുണ്ട്. സ്റ്റേഷനുകളിൽ എത്തിച്ചേരുന്നവർക്ക് ഇരിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കുന്നതിനോടൊപ്പം ഇവരെ സഹായിക്കുന്നതിന് ഒരു P.R.O.- യെ നിയോഗിച്ചിട്ടുണ്ട്.

പരാതിക്കാർക്ക് ഇരിക്കാനായി സ്ഥലസൗകര്യവും കുടിവെള്ളവും ശുചിമുറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷനുകളിൽ പരമ്പരാഗതമായ രീതിയിൽ റൈഫിൾ ഉപയോഗിച്ചുള്ള പാറാവ് ഡ്യൂട്ടി ഒഴിവാക്കി പിസ്റ്റൾ പോലുള്ള ആയുധങ്ങൾ യൂണിഫോമിനൊപ്പം ധരിക്കാവുന്ന രീതിയിലാക്കിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് ഭയരഹിതരായി കടന്നുചെല്ലുന്നതിന് ഈ മാറ്റങ്ങൾ സഹായകരമാവും. പരാതിക്കാർക്ക് സ്വദേശത്തും വിദേശത്തുനിന്നും പരാതികൾ സമർപ്പിക്കുന്നതിനും അവയിൽ സ്വീകരിച്ച നടപടികൾ അറിയുന്നതിനും ഒരു Online/Virtual Policing സംവിധാനം നിലവിലുണ്ട്. എല്ലാ പരാതികളും കൃത്യതയോടെ രജിസ്റ്റർ ചെയ്യപ്പെടുന്നുവെന്നുള്ളതും ഇതിൽ

പ്രധാനമാണ്. അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികൾക്ക് ഓൺലൈനായി വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ മൊഴി രേഖപ്പെടുത്തുന്നതിനും കഴിയും.

എല്ലാ സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറ റെക്കോഡിംഗ് സംവിധാനം ആരംഭിച്ചതുവഴി പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞു. സാമ്പത്തിക കുറ്റകൃത്യങ്ങളും സൈബർ കുറ്റകൃത്യങ്ങളും വർധിച്ചുവരുന്ന ഇക്കാലത്ത് കുറ്റവാളികളെ കണ്ടെത്തുക എന്നത് പോലീസിന് വലിയ വെല്ലുവിളിയാണ്. ഡിജിറ്റൽ സാങ്കേതികവിദ്യയിലധിഷ്ഠിതമായ Face Recognition System (i-COPS) ഏത് കുറ്റവാളികളെയും തിരിച്ചറിയുന്നതിന് സഹായകരമായ സംവിധാനമാണ്.

സാമ്പത്തിക ചതിക്കുഴികളിൽപ്പെടുന്നവരുടെ എണ്ണം വർധിച്ചുവരുന്നത് കണക്കിലെടുത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന 1930 എന്ന നമ്പർ പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്നു. കേരള പോലീസിന്റെയും നോർക്കയുടെയും സോഷ്യൽ മീഡിയ അക്കൗണ്ടുകൾവഴി സൈബർ ബോധവൽക്കരണ വീഡിയോകളും പോസ്റ്ററുകളും പ്രചരിപ്പിച്ചുവരുന്നു. കേരളാ പോലീസിന്റെ

ഫെയ്സ്ബുക്ക് പേജിന് 1.9 മില്ല്യൺ ഫോളോവേഴ്സും ഇൻസ്റ്റഗ്രാമിൽ 1.3 മില്ല്യൺ ഫോളോവേഴ്സുമുണ്ട്.

33 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പുതിയതായി നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. മയക്കുമരുന്നിന്റെയും ലഹരിയുടെയും വ്യാപനം തടയുന്നതിനും കുറ്റവാളികളെ നിയമത്തിന്റെ മുന്നിലെത്തിക്കാനും വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് പോലീസ് സ്വീകരിക്കുന്നത്. അതോടൊപ്പം, സംസ്ഥാനത്തെ ഏത് കുട്ടികൾക്കും കടന്നുവരാവുന്നവിധം 148 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കുകയും ചെയ്തിട്ടുണ്ട്. ഒപ്പം, അംഗപരിമിതർക്കുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിവരുന്നു.

എല്ലാ സ്റ്റേഷനുകളിലും വനിതാ പോലീസുദ്യോഗസ്ഥർക്കായി പ്രത്യേക വിശ്രമമുറികൾ നിർമ്മിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ഏതവസരത്തിലും പോലീസ് ജനങ്ങളുടെ ആവശ്യത്തിന് ഓടിയെത്തുക എന്നത് പ്രധാനമാണ്. ഇത് കണക്കിലെടുത്ത് സ്റ്റേഷനുകൾക്ക് മതിയായ വാഹനങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സമൂഹത്തിലെ മുതിർന്ന പൗരന്മാരുടെ സുരക്ഷ മുൻനിർത്തി വയോജനങ്ങൾക്കും കിടപ്പുരോഗികൾക്കും ഒറ്റയ്ക്ക് താമസിക്കുന്നവർക്കും സഹായകരമായി ജനമൈത്രി ബീറ്റ് ഓഫീസർമാരും കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാരും പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പുതിയതായി 70 സ്കൂളുകൾക്ക് എസ്.പി.സി. അനുവദിച്ചിട്ടുണ്ട്.

കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള പ്രധാന തെളിവായ വിരലടയാളം എല്ലാ സ്റ്റേഷനുകളിലും ഡിജിറ്റലായി ലഭിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. ചുരുക്കം ചില സ്റ്റേഷനുകൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവ സ്വന്തം കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2021-ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം കേരളത്തിലെ മികച്ച പോലീസ് സ്റ്റേഷനായി പാലക്കാട് ഒറ്റപ്പാലം സ്റ്റേഷനെ തിരഞ്ഞെടുത്തിട്ടുണ്ട്. 2023 കാലയളവിൽ രാജ്യത്തെ മികച്ച ഒൻപതാമത്തെ പോലീസ് സ്റ്റേഷനായി കുറ്റിപ്പുറം സ്റ്റേഷനെ തിരഞ്ഞെടുത്തിട്ടുണ്ട്. 2024 കാലയളവിൽ രാജ്യത്തെ

മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി ആലത്തൂർ സ്റ്റേഷനെ തിരഞ്ഞെടുത്തിട്ടുണ്ട്.

(സി) ആഭ്യന്തര മന്ത്രാലയത്തിന്റെ പോലീസ് നവീകരണ വിഭാഗമാണ് (BPR&D) രാജ്യത്തെ മികച്ച പോലീസ് സ്റ്റേഷനുകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതുസംബന്ധിച്ച് BPR&D പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ മികച്ച പോലീസ് സ്റ്റേഷനുകൾ തിരഞ്ഞെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. കുറ്റകൃത്യങ്ങൾ പ്രതിരോധിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ
2. കേസുകളുടെ അന്വേഷണത്തിലെ കാര്യക്ഷമത
3. കുറ്റകൃത്യങ്ങൾ കണ്ടെത്തൽ
4. പ്രാദേശിക സമൂഹവുമായുള്ള ഇടപഴകൽ
5. ക്രമസമാധാന പാലനം

മേൽപ്പറയുന്ന മാനദണ്ഡങ്ങൾക്കുപുറമെ പ്രദേശവാസികൾ, വ്യാപാരികൾ, ബിസിനസ് ഉടമസ്ഥർ തുടങ്ങി പോലീസിന്റെ സേവനങ്ങൾ ലഭിക്കുന്ന വ്യത്യസ്ത

വിഭാഗം ആൾക്കാരിൽനിന്നും പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ശേഖരിച്ച് മൂല്യനിർണയത്തിലുൾപ്പെടുത്തുന്നു.

(ഡി) ഉണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകളെ മികവിലേക്ക് ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. സി. മൊയ്തീൻ: സർ, രാജ്യത്തെ മികച്ച പോലീസ് സംവിധാനങ്ങളിലൊന്നാണ് കേരളത്തിലേതെന്ന് നിരവധി അംഗീകാരങ്ങളിലൂടെ വ്യക്തമാക്കപ്പെട്ടതാണ്. കമ്മ്യൂണിറ്റി പോലീസിംഗിലും വളരെ മികച്ച മാതൃകകൾ കേരളം സൃഷ്ടിച്ചിട്ടുണ്ട്. പോലീസിൽ പ്രത്യേക സൈബർ ഡിവിഷൻ രൂപീകരിക്കപ്പെട്ടശേഷം ലഭ്യമായ സേവനങ്ങൾ വിലയിരുത്തപ്പെട്ടിട്ടുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സൈബർ ഡിവിഷന്റെ പ്രവർത്തനം മാതൃകാപരമായി നടക്കുന്നുണ്ട്. അത് മെച്ചപ്പെട്ട നിലയിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സൈബർ തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യുന്നതിന് 1930 എന്ന ഹെൽപ്‌ലൈൻ നമ്പർ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങളെ ചതിക്കുഴിയിലാക്കിയ 29850 വെബ്സൈറ്റുകൾ, 843 ഓൺലൈൻ ആപ്പുകൾ,

4761 ലോൺ ആപ്പ് വെബ്സൈറ്റുകൾ, 21696 സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള തട്ടിപ്പുകൾ എന്നിവ സൈബർ പട്രോളിംഗിലൂടെ നിർവീര്യമാക്കാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം തട്ടിപ്പുകാർ സ്ഥിരമായി ഉപയോഗിച്ചുവരുന്ന 15990 സിം കാർഡുകൾ, 49830 ഡിവൈസ് ഐ.എം.ഇ.ഐ. നമ്പരുകൾ ഇവയെല്ലാം പ്രവർത്തനരഹിതമാക്കാൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല 41335 ബാങ്ക് അക്കൗണ്ടുകൾ തടയാനും കഴിഞ്ഞിട്ടുണ്ട്. സൈബർ ഡിവിഷൻ നല്ല പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഡിജിറ്റൽ സാമ്പത്തിക തട്ടിപ്പുകളെ സംബന്ധിച്ച വാർത്തകൾ ധാരാളം വരികയാണ്. ധാരാളം കേസുകളും എടുക്കുന്നുണ്ട്. ഈ തട്ടിപ്പുകളിൽനിന്ന് ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിതമായ പ്രത്യേക പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തട്ടിപ്പുകാർ വിവിധ തരത്തിലാണ് തട്ടിപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. നിരവധി ബോധവൽക്കരണ പരിപാടികൾ നടക്കുന്നുണ്ടെങ്കിലും തട്ടിപ്പുകളുടെ എണ്ണം

വർധിച്ചുകൊണ്ടിരിക്കുകയാണ്. ഫോൺ കോളുകൾ, ആപ്പുകൾ, വെബ്ലിങ്കുകൾ, വാട്ട്സ്ആപ്പ് ഹാൻഡിലുകൾ, ഇ-മെയിൽ, മൊബൈൽ സന്ദേശങ്ങൾ, വിവിധ ഏജൻസികൾ എന്നിങ്ങനെ പല തരത്തിലാണ് തട്ടിപ്പുകൾ നടക്കുന്നത്. ഇവ വ്യാജമാണോ അല്ലയോ എന്ന് വളരെവേഗം തിരിച്ചറിഞ്ഞ് പ്രതികരിക്കാൻ കഴിയുംവിധം, സൈബർ തട്ടിപ്പുകളിൽനിന്നും സുരക്ഷയൊരുക്കുക എന്ന ലക്ഷ്യത്തോടെ പോലീസ് ആവിഷ്കരിച്ച ഒരു പ്രത്യേക പദ്ധതിയാണ് സൈബർ വാൾ പദ്ധതി. അത് പ്രാരംഭഘട്ടത്തിൽ ആയിട്ടേയുള്ളൂ, പൂർണ്ണതയിലേയ്ക്കെത്തിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെവരെ പറ്റിച്ചു.

<u>ശ്രീ. പിണറായി വിജയൻ</u>: അതുപോലെ പലരുമുണ്ട്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, സബ് ഇൻസ്പെക്ടർ തസ്തികയിൽ ഏർപ്പെടുത്തിയ മാതൃകയിൽ ലിംഗവിവേചനമില്ലാതെയുള്ള റിക്രൂട്ട്മെന്റ് സേനയിലെ താഴെത്തട്ടിലും നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ജെൻഡർ ന്യൂട്രൽ കേഡർ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് സബ് ഇൻസ്പെക്ടർ തസ്തികകൾ പൊതു

കേഡറായി പ്രഖ്യാപിച്ചത്. ഇതേ രീതിയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ വനിതകൾക്ക് നിശ്ചിത ഒഴിവുകൾ നീക്കിവച്ചുകൊണ്ട് റിക്രൂട്ട്മെന്റ് നടത്തുന്നതിന് 15-10-2024-ൽ ഉത്തരവായിട്ടുണ്ട്. പത്ത് ഒഴിവുകളിൽ ഒന്നുവീതമാണ് നിലവിൽ മാറ്റിവച്ചിട്ടുള്ളത്. അതനുസരിച്ചുള്ള റിക്രൂട്ട്മെന്റ് നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് നടത്തിവരുന്ന 'സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്' പദ്ധതി രാജ്യത്തിനുതന്നെ മാതൃകയാണ്. ടി പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ഘട്ടംഘട്ടമായി വർധിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി ഈ വർഷം എഴുപത് പുതിയ സ്കൂളുകളിൽ കൂടി എസ്.പി.സി. അനുവദിച്ചിട്ടുണ്ട്.

ശ്രീ. എം. എം. മണി: സർ, റെയിൽവേ യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട പോലീസ് സേവനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, റെയിൽ യാത്രക്കാർക്ക് മെച്ചപ്പെട്ട പോലീസ് സേവനം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി റെയിൽവേ ആവശ്യപ്പെടുന്ന പോലീസുകാരെ അനുവദിക്കുന്നതിന് സർക്കാർ സന്നദ്ധമാണ്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, മറ്റ് സ്റ്റേഷനുകളുടെ കൂടി അഡ്മിനിസ്ട്രേഷൻ ചുമതലയുള്ള സി.ഐ.-മാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചതിനാൽ കേസന്വേഷണങ്ങളിൽ കാലതാമസം നേരിടുന്നുണ്ടെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അങ്ങനെ എവിടെയെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടിയെടുക്കാം. നിലവിൽ സി.ഐ.-മാരാണ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, റോഡിൽ ബൈക്ക് റേസിങ്ങും മറ്റഭ്യാസപ്രകടനങ്ങളും നടത്തുകയും അത് സാമൂഹ്യ മാധ്യമങ്ങൾവഴി

പ്രചരിപ്പിക്കുകയും ചെയ്യുന്നവരുടെ എണ്ണം വർധിച്ചുവരികയാണ്. ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, റോഡിൽ അപകടകരമായ അഭ്യാസപ്രകടനം നടത്തുന്നതായി അറിഞ്ഞാൽ പോലീസ് ഇടപെട്ട് തടയുന്നുണ്ട്. പക്ഷെ പോലീസ് അറിയാതെയും നടക്കുന്നുണ്ട്. അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്ന രീതിയിലുള്ള അഭ്യാസങ്ങൾ നടത്തുന്നതിനെതിരെ യുവാക്കൾക്കിടയിൽ വലിയതോതിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, നെടുമ്പാശ്ശേരിയിലും ആലുവയിലും പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പലപ്പോഴും നിരവധി വി.ഐ.പി.-കൾ വരാറുണ്ട്. അവിടുത്തെ ഡിവൈ.എസ്.പി.-മാർക്കും എസ്.എച്ച്.ഒ.-മാരായ സി.ഐ-മാർക്കും വി.ഐ.പി. സെക്യൂരിറ്റി ഡ്യൂട്ടി കൂടി നിർവഹിക്കേണ്ടതായി വരുന്നതിനാൽ മറ്റ് സ്റ്റേഷൻ ഡ്യൂട്ടികൾ ചെയ്യാൻ പലപ്പോഴും ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതിനാൽ വി.ഐ.പി.-കൾക്ക് സുരക്ഷയൊരുക്കുന്നതിനായി നെടുമ്പാശ്ശേരി കേന്ദ്രീകരിച്ച് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീമിനെ നിയമിച്ചാൽ ലോക്കൽ പോലീസ്

സ്റ്റേഷനുകളിലെ ഓഫീസർമാർക്ക് ശരിയായ രീതിയിൽ കൃത്യനിർവഹണം നടത്താനും ജനങ്ങളുടെ കാര്യത്തിൽ ഇടപെടാനുമുള്ള സാഹചര്യമുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഇക്കാര്യത്തിൽ ആവശ്യമായ തീരുമാനമെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ഇക്കാര്യം നേരത്തെ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്തിരുന്നു. ബഹുമാനപ്പെട്ട അംഗം ഉന്നയിക്കുന്ന തരത്തിലുള്ള പ്രയാസങ്ങൾ നിലവിലില്ലെന്നും വി.ഐ.പി. സുരക്ഷ ഒരുക്കുന്ന കാര്യത്തിൽ പ്രത്യക ടീമിന്റെ ആവശ്യമില്ലെന്നും അവർ ചൂണ്ടിക്കാണിച്ചിരുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, മികച്ച സേവനത്തിന് പുരസ്കാരം ലഭിച്ചുകൊണ്ടിരിക്കുന്ന കേരള പോലീസിന്റെ പ്രവർത്തനം അഭിനന്ദനാർഹമാണ്. എന്നാൽ പല പോലീസ് സ്റ്റേഷനുകളിലും വേണ്ടത്ര സൗകര്യമില്ല. പോലീസ് സ്റ്റേഷനുകളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും ആവശ്യമായ സൗകര്യങ്ങളോടുകൂടിത്തന്നെ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കണമെന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഉദ്ദേശിക്കുന്ന രീതിയിൽ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നില്ലെങ്കിലും ഘട്ടം ഘട്ടമായി നടപ്പാക്കി വരികയാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന എല്ലാ കുറ്റകൃത്യങ്ങളിലും അപകട മരണങ്ങളിലും മറ്റെല്ലാ പ്രശ്നങ്ങളിലും ഇടപെടേണ്ട ഒരു വിഭാഗമാണ് പോലീസ് സേന. എന്നാൽ അതിനാനുപാതികമായ സാങ്ഷൻഡ് സ്ട്രെങ്ത് നിലവിൽ പോലീസ് സേനയ്ക്കില്ല. പന്ത്രണ്ടായിരത്തോളം പോലീസുകാരുടെ വേക്കൻസി ഇപ്പോഴും നിലനിൽക്കുകയാണ്. എന്റെ മണ്ഡലത്തിലെ കോട്ടക്കൽ, വളാഞ്ചേരി എന്നിവിടങ്ങളിലടക്കം മുപ്പതോ നാല്പതോ പോലീസുകാർ മാത്രമാണുള്ളത്. അത്രയും പോലീസുകാരെക്കൊണ്ട് അവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. അതുകൊണ്ട് പോലീസ് സേനയുടെ നിലവിലുള്ള സ്ട്രെങ്ത് റീ-

ഓർഗനൈസ് ചെയ്ത് അംഗബലം വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് ശരിയായ കാര്യമാണ്. പോലീസിന്റെ അംഗബലം കഴിയാവുന്നത്ര വർധിപ്പിക്കണമെന്നുതന്നെയാണ് സർക്കാരും ഉദ്ദേശിക്കുന്നത്. മറ്റ് സാഹചര്യങ്ങൾ കൂടി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വളരെയധികം അതിഥി തൊഴിലാളികളുള്ള സ്ഥലമാണ് പെരുമ്പാവൂർ. അവിടുത്തെ പോലീസ് സ്റ്റേഷനിലെ അംഗബലം വളരെ കുറവാണ്. ഒരു ലക്ഷത്തിലധികം അതിഥി തൊഴിലാളികൾ താമസിക്കുന്ന പ്രസ്തുത സ്ഥലത്ത് ഒട്ടേറെ കുറ്റകൃത്യങ്ങളും നടക്കുന്നുണ്ട്. പെരുമ്പാവൂർ സ്റ്റേഷന് പ്രത്യേക പരിഗണന നൽകി അവിടത്തെ പോലീസുകാരുടെ അംഗബലം വർധിപ്പിക്കുന്നതിന് നടപടി സ്വികരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ച വിഷയം പ്രത്യേകമായി പരിശോധിക്കാം.

**വാഹനാപകടങ്ങൾ തടയാൻ നടപടി**

4 (*4) ശ്രീ. മുഹമ്മദ് മുഹസിൻ ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. ഇ. കെ. വിജയൻ):
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർധിച്ചുവരുന്ന റോഡപകടങ്ങളുടെ കാര്യകാരണങ്ങളെക്കുറിച്ച് മുഖ്യമന്ത്രിതലത്തിൽ അവലോകനം നടത്തി പ്രശ്നപരിഹാരത്തിന് സമഗ്രമായ ഇടപെടൽ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വാഹനാപകടങ്ങൾ തടയാൻ ദേശീയപാത, ഗതാഗത, പൊതുമരാമത്ത് അധികൃതരുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) മദ്യപിച്ച് വാഹനമോടിക്കുന്നതിനെതിരെ ജാഗ്രത പാലിക്കുന്നതിനും രാത്രികാല വാഹനപരിശോധന കർശനമാക്കുന്നതിനും ആഭ്യന്തര വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) സ്വകാര്യബസുകൾ, ലോറികൾ എന്നിവയുടെ അമിത വേഗത്തിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നിയന്ത്രണമേർപ്പെടുത്തുന്നതിനും ഗതാഗത നിയമപരിപാലനം കർശനമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023-ൽ ചേർന്ന ഗതാഗത സുരക്ഷാ അവലോകന യോഗം സംസ്ഥാനത്തെ റോഡുകൾ ശാസ്ത്രീയമായി ഡിസൈൻ ചെയ്യേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിരുന്നു. അതോടൊപ്പം ഇത്തരം റോഡുകളുടെ നിർമ്മാണം അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിന് പ്രധാന മാർഗ്ഗമാണെന്നും നിരീക്ഷിച്ചു.

ഭാവിയിൽ നിർമ്മിക്കുന്ന റോഡുകളും, ജങ്ഷനുകളും, പൊതുഗതാഗത സംവിധാനങ്ങളും ആസൂത്രണം ചെയ്യുന്നതിന് IRC, MoRTH മാനദണ്ഡങ്ങൾ പാലിക്കണമെന്ന് നിർദേശിച്ചു.

ഇതിന്റെ വെളിച്ചത്തിൽ കൂടുതൽ അപകടമരണങ്ങൾ ഉണ്ടായിട്ടുള്ള സ്ഥലങ്ങൾ ഇതര വകുപ്പുകളുമായി ചേർന്ന് പരിശോധന നടത്തി അപകടങ്ങൾ ഒഴിവാക്കുന്നതിനുതകുന്ന റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ നടപ്പാക്കിവരുന്നു.

തുടർച്ചയായി അപകടങ്ങൾ സംഭവിക്കുന്ന ‘ ബ്ലാക്ക് സ്പോട്ടുകൾ’ അപകടരഹിതമാക്കുന്നതിന് ‘ ബ്ലാക്ക് സ്പോട്ട് മാനേജ്മെന്റ് സ്റ്റഡി’ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ബ്ലാക്ക്സ്പോട്ട് ഇടനാഴികളിൽ ഹ്രസ്വകാല തിരുത്തൽ പ്രവൃത്തികളും, ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

പൊതുമരാമത്ത് റോഡുകളിലെ 93 ബ്ലാക്ക്സ്പോട്ടുകളിൽ ഹ്രസ്വകാല തിരുത്തലുകൾ ഇതിനകം നടപ്പാക്കി. ഇതിനുപുറമേ, നാറ്റ്പാക് കണ്ടെത്തിയ അതിതീവ്ര ബ്ലാക്ക് സ്പോട്ടുകളിൽ സ്ഥിരം തിരുത്തൽ സംവിധാനം ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളെ തുടർന്ന് ആറ് 'ലെയ്നിംഗ് സ്ട്രെച്ചുകളിൽ' , 'വർക്ക് സോൺ സേഫ്റ്റി' ഉറപ്പാക്കാൻ നിർദേശിച്ചിട്ടുണ്ട്.

KSRTC വാഹനങ്ങൾ ഉൾപ്പെടുന്ന അപകടങ്ങൾ ഒരോ മാസവും കോർപ്പറേഷൻ വിലയിരുത്തുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ ഒരു കമ്മിറ്റിയും ഡിപ്പോകളിൽ ഒരു ടീമും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, അപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രയത്നിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി അവരെ അനുമോദിച്ചുവരുന്നു.

സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ ഉൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് നടപ്പാക്കുകവഴി വാഹന നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

വിവിധ നടപടികൾക്കൊപ്പം ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉറപ്പാക്കാൻ സാധിച്ചതുമൂലം റോഡപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം 2022-ൽ 4317 എന്നത് 2023-ൽ 4080 ആയും, 2024-ൽ 3746 ആയും കുറയുകയുണ്ടായി.

ആക്സിഡന്റ് മോണിറ്ററിംഗും ബോധവൽക്കരണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ‘ സിറ്റിസൺ സെന്റിനൽ ആപ്പ്’ നടപ്പിലാക്കിയതുവഴി കഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്. "Operation Road Safety" എന്ന പേരിൽ മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. രാത്രികാലങ്ങളിൽ ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി നൈറ്റ് എൻഫോഴ്സ്മെന്റ് പട്രോളിംഗ്, ഹൈവേ പട്രോളിംഗ്, മൊബൈൽ പട്രോളിംഗ് എന്നിവ നടത്തിവരുന്നു. വിശേഷാവസരങ്ങളിൽ പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്ത പരിശോധനകളും നടത്തുന്നുണ്ട്.

(ഡി) ഉണ്ട്. സംസ്ഥാനത്ത് സ്കൂൾ സമയത്തും/തിരക്കുള്ള മറ്റ് സമയങ്ങളിലും ചരക്ക വാഹനങ്ങൾക്ക് രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 3 മണി മുതൽ 5 മണി വരെയും പ്രധാന നിരത്തുകളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

ജില്ലാ പോലീസ് മേധാവികൾ, ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), റവന്യൂ, ലീഗൽ മെട്രോളജി, മൈനിംഗ് ആൻഡ് ജിയോളജി എന്നീ വകുപ്പുകളിലെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഓവർ ലോഡിംഗ് ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കിവരുന്നു.

സ്വകാര്യബസ്സുകൾ, ലോറികൾ എന്നിവയുടെ അമിതവേഗത്തിന് നിയന്ത്രണമേർപ്പെടുത്തുന്നതിനും ഗതാഗത നിയമപരിപാലനം കർശനമാക്കുന്നതിനുമുള്ള നടപടികളും ഇതോടൊപ്പം സ്വീകരിച്ചുവരുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, റോഡപകടങ്ങളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ദീർഘദൂര യാത്രയിൽ ഉറക്കമിളച്ച് യാത്ര ചെയ്യുന്നതിന്റെ ഭാഗമായി പലരും ഉറങ്ങിക്കൊണ്ടാണ് വാഹനമോടിക്കുന്നതെന്നൊരു പഠന റിപ്പോർട്ട് അടുത്തകാലത്ത് വന്നിരുന്നു. ദീർഘദൂര യാത്രക്കാർക്ക് ചായ കുടിക്കാനും വിശ്രമിക്കാനുമുള്ള പ്രത്യേക സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, ആളുകളെ ഉന്മേഷവാന്മാരാക്കുന്നതിനും ഇത്തരം അപകടങ്ങൾ കുറയ്ക്കുന്നതിനും പല റോഡുകളിലും പൊലീസ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. പലസ്ഥലങ്ങളിലും നിലവിൽത്തന്നെ ഇത്തരം കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, റോഡുകളുടെ സ്ഥലപരിമിതി കാരണം കാൽനട യാത്രക്കാർ വലിയതോതിൽ ബുദ്ധിമുട്ടുകയാണ്. രാത്രികാലങ്ങളിൽ വിശ്വാസികൾ കറുത്ത വസ്ത്രങ്ങൾ ധരിച്ച് റോഡുകളിലൂടെ നടക്കുമ്പോൾ ഡ്രൈവർമാർ കാണാതെ വരുന്നതിന്റെ പ്രശ്നവുമുണ്ട്. കൂടാതെ, ഇറക്കുമതി ചെയ്ത വിദേശ വാഹനങ്ങളിൽനിന്നും പ്രസരിപ്പിക്കുന്ന വലിയ വെളിച്ചം കാരണം രാത്രികാലങ്ങളിൽ മറ്റ് ഡ്രൈവർമാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുന്നതും റോഡുകളിൽ പതിവാണ്. ഇതിനൊരു നിയന്ത്രണം കൊണ്ടുവരുന്നതിനും കാൽനടയാത്രക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമുള്ള നടപടി ആസൂത്രണം ചെയ്യുമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാനത്തെ പല റോഡുകളും മികച്ച നിലവാരം പുലർത്തുവന്നവയായതിനാൽ വാഹനങ്ങൾ നല്ല വേഗതയിലാണ്

സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സ്ഥലങ്ങളിൽ കാൽനടയാത്രക്കാർ, റോഡ് ക്രോസ് ചെയ്യുന്നവർ തുടങ്ങിയവർക്കെല്ലാം ചില പ്രശ്നങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്നുവെന്നുള്ളത് വസ്തുതയാണ്. അമിതവേഗതയിൽ വാഹനങ്ങൾ പോകുന്നതിനാൽ കാൽനടയാത്രക്കാർ റോഡിലൂടെ യാത്ര ചെയ്യുക എന്നത് ഇന്നത്തെകാലത്ത് വളരെ ദുഷ്കരമാണ്. ഏതെങ്കിലും ചില പ്രദേശങ്ങളിൽ മാത്രമായിരിക്കും കാൽനടയാത്രക്കാർക്ക് യാത്ര ചെയ്യാനുള്ള പ്രത്യേക സൗകര്യങ്ങളില്ലാത്തത്. അവിടങ്ങളിൽ കാൽനടയാത്രക്കാർക്ക് പോകാനുള്ള സൗകര്യം പ്രത്യേകമായി ഒരുക്കേണ്ടതായിട്ടുണ്ട്. റോഡിൽ ശ്രദ്ധിക്കേണ്ട മറ്റ് ചില കാര്യങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അക്കാര്യത്തിൽ തീർച്ചയായും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, വാഹനങ്ങളുടെ അമിതവേഗം തടയുന്നതിനായി വാഹനങ്ങളിൽ ബാർ കോഡും റോഡുകളിൽ ജിയോ ഫെൻസിംഗും സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് അറിയിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും അക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സംസ്ഥാനത്തെ നിരത്തുകളിൽ രൂപമാറ്റം വരുത്തിയ വാഹനങ്ങളുപയോഗിച്ച് അപകടകരമായ രീതിയിൽ യാത്ര ചെയ്യുകയും റീൽസ് ചിത്രീകരിക്കുകയും ചെയ്യുന്ന പ്രവണത കൂടിവരുന്നുണ്ട്. ടൂവീലറുകൾ പലപ്പോഴും റോംഗ് സൈഡിലൂടെ പോകുന്ന പ്രവണതയും വർധിക്കുന്നുണ്ട്. അത്തരം സന്ദർഭത്തിൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദുചെയ്യുകയോ വാഹനം സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയോ ചെയ്യുന്ന തരത്തിലുള്ള കർശന നടപടി സ്വീകരിക്കാൻ കഴിയുമോ; ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ആവശ്യമായ കരുതൽ നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടെങ്കിൽ അപ്രകാരം ചെയ്യും.

ശ്രീ. വാഴൂർ സോമൻ: സർ, അനുദിനം വർധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി 2021-ൽ തയ്യാറാക്കിയ റോഡ് സുരക്ഷാ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, റോഡ് സുരക്ഷയ്ക്ക് ഉതകുന്ന നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എങ്കിലും അപകടങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്.

## അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി

5 (*5) ശ്രീ. കെ. ഡി. പ്രസേനൻ ചുമതപ്പെടുത്തിയതുപ്രകാരം
(ശ്രീ. കെ. വി. സുമേഷ്):
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. എം. രാജഗോപാലൻ):
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ മുൻഗണനാ പദ്ധതികളിൽ 'അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി' ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സർവേയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സർവേയിൽ അതിദരിദ്രരായി കണ്ടെത്തിയവരിൽ എത്ര ശതമാനം പേരെ അതിദാരിദ്ര്യത്തിൽനിന്നും മുക്തമാക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏതെല്ലാം വകുപ്പുകൾ നടത്തിവരുന്നുണ്ടെന്നും ഓരോ വകുപ്പും എന്തെല്ലാം ചുമതലകളാണ് നിർവഹിക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഇ) സ്വന്തമായി ഭൂമിയില്ലാത്ത അതിദരിദ്രർക്ക് വാസസ്ഥലം നൽകുന്നതിന് ഭൂമി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; ലൈഫ് മിഷന്റെ 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിപ്രകാരം ഇവർക്ക് ഭൂമി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, (എ) സർക്കാരിന്റെ മുൻഗണനാപദ്ധതികളിൽ 'അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി' ഉൾപ്പെടുത്തിയിട്ടുണ്ട്. 16-07-2021-ലെ സ.ഉ.(കൈ) നം.145/2021/LSGD പ്രകാരം സംസ്ഥാനത്ത് അതിദാരിദ്ര്യ

നിർമ്മാർജ്ജനപ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. അതിദാരിദ്ര്യ നിർണ്ണയപ്രക്രിയയിലൂടെ സംസ്ഥാനത്താകമാനം 64006 കുടുംബങ്ങളെയാണ് കണ്ടെത്തിയത്.

തുടർന്ന് 08-07-2022-ലെ സ.ഉ.(കൈ) നം.146/2022/LSGD പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയപ്രക്രിയയിലൂടെ കണ്ടെത്തിയ വ്യക്തികളേയും കുടുംബങ്ങളേയും അതിദരിദ്ര അവസ്ഥയിൽനിന്നും മോചിപ്പിക്കുന്നതിനായി മൈക്രോപ്ലാൻ തയ്യാറാക്കുകയും ചെയ്തു. "അവകാശം അതിവേഗം" എന്ന പേരിൽ അതിദരിദ്രർക്ക് അവകാശ രേഖകൾ നൽകൽ (വോട്ടർ ഐ.ഡി., ആധാർ കാർഡ്, റേഷൻ കാർഡ്, ഹെൽത്ത് ഇൻഷ്വറൻസ്, ഭിന്നശേഷി കാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽ കാർഡ് മുതലായവ), ഭക്ഷണം, ആരോഗ്യ സേവനങ്ങൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ, അതിദരിദ്ര പട്ടികയിൽ ഭവനം ആവശ്യമുള്ളവർക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം ലഭ്യമാക്കൽ, വരുമാനം ആവശ്യമുള്ള കുടുംബങ്ങൾക്ക് കുടുംബശ്രീയുടെ ഉജ്ജീവനം പദ്ധതിയിലൂടെയും മറ്റ് വകുപ്പുകൾ, തദ്ദേശ സ്ഥാപനങ്ങൾ, സ്വകാര്യ

സ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തരവും ഉപജീവന മാർഗ്ഗം/വരുമാനമാർഗ്ഗം ലഭ്യമാക്കൽ, ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകൽ, ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള അതിദരിദ്രരെ വാടക വീടുകളിലേയ്ക്ക് മാറ്റി താമസിപ്പിക്കൽ തുടങ്ങിയ സേവനങ്ങൾ തദ്ദേശസ്ഥാപന തലത്തിൽ നടപ്പിലാക്കിവരുന്നു.

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി, ആകെ കണ്ടെത്തിയ കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) അതിദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കിയതായി 2023 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. 15-01-2025 വരെ 44539 കുടുംബങ്ങളെ (69.59%) അതിദാരിദ്ര്യത്തിൽനിന്നും മുക്തമാക്കിയിട്ടുണ്ട്. 15-01-2025 വരെയുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 16-07-2021-ലെ സ.ഉ.(കൈ) നം.145/2021/LSGD പ്രകാരം സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപന തലത്തിലും

+അനുബന്ധമായി ചേർത്തിരിക്കുന്നു.

ഡിവിഷൻ/വാർഡ് തലങ്ങളിലും സാമൂഹിക സംഘടനകൾ, വിഷയമേഖലാ വിദഗ്ധർ എന്നിവരെ പങ്കെടുപ്പിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ മുഖേന അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കുകയും പിന്നീട് വിശദമായ വിവരശേഖരണം നടത്തുകയും ചെയ്തു. തുടർന്ന് കുടുംബങ്ങളെ സംബന്ധിച്ച ഡാറ്റ, സൂപ്പർ ചെക്ക് നടത്തി കുറ്റമറ്റതാക്കി. ഓരോ തദ്ദേശസ്ഥാപനത്തിന്റെയും ഗ്രാമ/വാർഡ് സഭകളുടെയും തദ്ദേശ സ്ഥാപനത്തിന്റെ തന്നെയും അംഗീകാരത്തോടെയാണ് അന്തിമപട്ടിക തയ്യാറാക്കിയത്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്ത് 64006 കുടുംബങ്ങളിലായി 103099 വ്യക്തികളെ 1,032 തദ്ദേശസ്ഥാപനങ്ങളിലായി കണ്ടെത്തി. കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ അതിദരിദ്രരെ കണ്ടെത്തിയില്ല.

അതിദാരിദ്ര്യ നിർണ്ണയപ്രക്രിയയിലൂടെ കണ്ടെത്തിയ അതിദരിദ്ര കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ അനുബന്ധമായി ചേർത്തിരിക്കുന്നു..

(സി) അതിദാരിദ്ര്യ നിർണ്ണയപ്രക്രിയയിലൂടെ സംസ്ഥാനത്താകമാനം 64006 കുടുംബങ്ങളെയാണ് കണ്ടെത്തിയത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടെത്തിയ കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) അതിദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കിയതായി 2023 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

15-01-2025 വരെ 44539 കുടുംബങ്ങളെ (69.59%) അതിദാരിദ്ര്യത്തിൽ നിന്നും മുക്തമാക്കിയിട്ടുണ്ട്.

(ഡി) അടിസ്ഥാനരേഖകൾ പോലുമില്ലാതെ ബുദ്ധിമുട്ടിയിരുന്ന അതിദരിദ്രർക്ക് 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് എന്നിവ പോലെയുള്ള അവകാശരേഖകളും ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യസുരക്ഷാ പെൻഷൻ മുതലായ അടിയന്തര രേഖകളും നൽകാൻ സാധിച്ചിട്ടുണ്ട്. (21263 രേഖകൾ/സേവനങ്ങൾ)

- ഭക്ഷണ ദൗർലഭ്യംമൂലം ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന കുടുംബങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം തടസ്സമില്ലാതെ ഭക്ഷണം നൽകിവരുന്നു.

- ആരോഗ്യം ക്ലേശഘടകമായിട്ടുള്ള കുടുംബങ്ങൾക്ക് ചികിത്സ, പാലിയേറ്റീവ് കെയർ, സൗജന്യമായി മരുന്ന്, അവയവമാറ്റം, സഹായ ഉപകരണങ്ങൾ എന്നിവ ആരോഗ്യ വകുപ്പ്, കോഴിക്കോട് സി.ആർ.സി. എന്നിവ മുഖാന്തരം ഉറപ്പാക്കുന്നുണ്ട്.

- വരുമാനം ക്ലേശഘടകമായിട്ടുള്ള കുടുംബങ്ങൾക്ക് സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ കുടുംബശ്രീ നടത്തുന്ന ഉജ്ജീവനം പദ്ധതി വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും മറ്റുവകുപ്പുകൾ മുഖേനയും വരുമാനദായക പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി വഴി എല്ലാപേർക്കും തൊഴിൽ കാർഡ് നൽകി നൂറുദിന തൊഴിലുറപ്പാക്കുന്നതിനും, ക്ഷീരവികസന വകുപ്പ്, കൃഷിവകുപ്പ് എന്നിവ മുഖാന്തരം വരുമാനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

- പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം അതിദരിദ്ര പട്ടികയിലുൾപ്പെട്ട വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ, കുട, ബാഗ്, ഉച്ചഭക്ഷണം, പഠനത്തിനാവശ്യമായ സൗകര്യങ്ങൾ, കായിക വികസനം എന്നിവ ലക്ഷ്യം വച്ചുള്ള പ്രോജക്ടുകളും നടപ്പിലാക്കിവരുന്നുണ്ട്.

- എസ്.എസ്.എൽ.സി. പാസ്സായ 554 കുട്ടികൾക്ക് അവരുടെ വീടുകൾക്ക് സമീപം തന്നെ തുടർപഠനത്തിന് അഡ്മിഷൻ നൽകി.

- കെ.എസ്.ആർ.ടി.സി.-യുടെയും ഗതാഗത വകുപ്പിന്റെയും സഹകരണത്തോടെ 1767 കുട്ടികളുടെ പഠനാവശ്യങ്ങൾക്കുള്ള യാത്ര കെ.എസ്.ആർ.ടി.സി. /സ്വകാര്യ ബസ്സുകളിൽ സൗജന്യമാക്കിക്കൊണ്ടുള്ള യാത്രാപാസുകൾ നൽകിയിട്ടുണ്ട്. കൂടാതെ, അതിദരിദ്ര പട്ടികയിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

- അതിദരിദ്ര പട്ടികയിലുൾപ്പെട്ട തീരദേശവാസികൾക്ക് മരുന്ന്, ആഹാരം മുതലായവയും വാസസ്ഥലം ആവശ്യമുള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ 'പുനർഗേഹം' പദ്ധതിയിലുൾപ്പെടുത്തി വാസസ്ഥലവും ഉറപ്പാക്കുന്നുണ്ട്.

- അതിദരിദ്ര പട്ടികയിലുൾപ്പെട്ട വീട് മാത്രം/വീടും സ്ഥലവും ആവശ്യമുള്ളവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വാസസ്ഥലം ഉറപ്പാക്കുന്നുണ്ട്.

- ഭവന പുനരുദ്ധാരണത്തിന് സഹായം ആവശ്യമുള്ള അതിദരിദ്രരുടെ പട്ടികയിലുൾപ്പെട്ട SAFE പദ്ധതിയിൽ അനുകൂല്യം ലഭിക്കാത്ത പട്ടികജാതി / പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും പൊതുവിഭാഗത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന SAFE പദ്ധതിയുടെ മാതൃകയിൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

- സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 'സ്നേഹപൂർവ്വം' പദ്ധതിയിലുൾപ്പെടുത്തി അതിദരിദ്ര പട്ടികയിലുൾപ്പെട്ട മാതാപിതാക്കൾ, മാതാവോ/പിതാവോ നഷ്ടപ്പെട്ട 331 വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് / സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നുണ്ട്.

- അതിദരിദ്ര പട്ടികയിലുൾപ്പെട്ടവരുടെ വീട് വയറിംഗ്, വൈദ്യുതി കണക്ഷൻ മുതലായ സേവനങ്ങൾ KSEB വഴി നടത്തുന്നുണ്ട്.

- അതിദരിദ്ര പട്ടികയിലുൾപ്പെട്ടവർക്ക് ശുദ്ധമായ കുടിവെള്ള വിതരണത്തിനുള്ള കണക്ഷനുകൾ കേരളാ വാട്ടർ അതോറിറ്റി മുഖാന്തരം ലഭ്യമാക്കുന്നുണ്ട്.

- ഏകാംഗ കുടുംബങ്ങളിൽ പുനരധിവാസം ആവശ്യമുള്ളവരെ സാമൂഹ്യ നീതി വകുപ്പ്, വനിതാ-ശിശു വികസന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഷെൽറ്റർ ഹോമുകളിലേയ്ക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.

(ഇ) ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിലും അതിദരിദ്ര പട്ടികയിലും ഉൾപ്പെട്ട അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനായി 2025 ജനുവരി മാസത്തിൽ കൂടുതൽ ഭൂമി കൈവശമുള്ള ഭൂവുടമകളെ പ്രത്യേക ക്ഷണിതാക്കളാക്കിക്കൊണ്ട് 'മനസ്സോടിത്തിരി മണ്ണ്' കാമ്പയിൻ സംഘടിപ്പിക്കുന്നതിന് 16-01-2025-ലെ തദ്ദേശസ്വയംഭരണ (ഡി.ഇ.) വകുപ്പിന്റെ സ.ഉ. (സാധാ)നം.145/2025/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. അപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ചരിത്രപരവും അഭിമാനകരവുമായ ചുവടുവയ്പ്പാണ് അതിദരിദ്രരില്ലാത്ത കേരളമെന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഉപജീവനമാർഗം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയിൽ 100% സബ്സിഡി നൽകാൻ കഴിയുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതുസംബന്ധിച്ച ശിപാർശ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽനിന്നും ലഭ്യമായിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, അതിദരിദ്രരില്ലാത്ത കേരളമെന്ന ചരിത്രപ്രധാനമായ പ്രഖ്യാപനം എപ്പോൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെതന്നെ ഇതുസംബന്ധിച്ച് പ്രഖ്യാപനം നടത്തിയിട്ടുണ്ട്. 2025 നവംബർ 1 ആകുമ്പോഴേയ്ക്കും ഇന്ത്യയിലെ അതിദരിദ്രരില്ലാത്ത ആദ്യത്തെ

സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, നിലവിൽ അതിദരിദ്ര കുടുംബത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി./പ്രൈവറ്റ് ബസ്സുകളിൽ പഠനാവശ്യത്തിനുള്ള യാത്രാസൗകര്യം ഒരുക്കിയിട്ടുള്ള മാതൃകയിൽ അതിദരിദ്ര കുടുംബങ്ങളിലെ ജലഗതാഗതത്തെ ആശ്രയിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ/സ്വകാര്യ ബോട്ടുകളിൽ സൗജന്യ പാസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)